# ക്രൈസ്തവ വനിത

**May - June 2021**



**A fundamental Christian bi-monthly publication of the women, by the women, for the family**

2021
May - June

Volume XIV
Issue 3

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു | - എഡിറ്റോറിയൽ | 1 |
| അനുഗ്രഹിക്കപ്പെട്ട തലമുറയെ വാർത്തുണ്ടാക്കുക | - എൽസി ബേബി | 3 |
| സാക്ഷാൽ ബുദ്ധിമാൻ | - ജെസി ബെൻസെൻ | 5 |
| അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി | - തങ്കമ്മ സാം | 6 |
| കിരീടങ്ങൾ | - മഹേശ്വരി പുരന്ദരൻ | 9 |
| ദൈവത്തിനു പ്രസാദമുള്ള യാഗം | - ജോയമ്മ സാംസൺ | 12 |
| നീതിമാനായ ലോത്ത് | - ജോർജ് ജോൺ | 15 |
| കൃപ ലഭിച്ചവൾ | - സാറാമ്മ ശശി | 17 |
| ഒരു വ്യത്യാസവുമില്ല എല്ലാവരും | - ഡോ. കുഞ്ഞുമോൻ ചാക്കോ | 19 |
| കുടുംബം എന്ന പ്രതിഭാസം | - ഡോ. ഉമ്മൻ ഫിലിപ്പ് | 22 |
| തിരുവചനമാഹാത്മ്യം | - മേരി അഞ്ചൻ | 25 |
| Despised of men, chosen by God | - Dr. Helen Abraham | 27 |
| Quest -77 | - Cover | iii |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

എഡിറ്റോറിയൽ

# കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു



**"നീ** കർത്താവായ യേശുവിൽ വിശ്വസിച്ച് ക്രിസ്ത്യാനി ആയാൽ നിന്റെ ബഹുവിധ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും" എന്ന രക്ഷണ്യ സുവിശേഷം അറിയിക്കുന്നവരുണ്ട്. ഇക്കൂട്ടർ തിരുവചനസത്യം ഗ്രഹിക്കാതെയോ, ഗ്രഹിച്ചാലും ഒന്നും ചിന്തിക്കാതെ ഒരാത്മാവിനെ രക്ഷയിലേക്കു നടത്താനുള്ള ആവേശത്തിലോ ആയിരിക്കാം ഇപ്രകാരം പറയുന്നത്. ക്രിസ്തുമാർഗ്ഗം ക്രൂശിന്റെ മാർഗ്ഗമാണ്. പുഷ്പാലംകൃതമായ ഒരു പട്ടുശയ്യയല്ല. കല്ലും, മുള്ളും നിറഞ്ഞ പാതയാണ്. ക്രൂശ് ചുമന്ന് എന്നെ അനുഗമിക്കുക എന്ന് ആഹ്വാനം ചെയ്ത യജമാനനേക്കാൾ ദാസൻ ശ്രേഷ്ഠനല്ല.

നമ്മുടെ രക്ഷിതാവ് മനുഷ്യാവതാരം ചെയ്തു ശിശുവായി ജനിച്ചപ്പോൾ വഴിയമ്പലത്തിൽ സ്ഥലം ഇല്ലായ്കയാൽ ബേത്‌ലഹേമിലെ ഒരു പശുത്തൊട്ടിയിലാണ് കിടത്തിയത് (ലൂക്കൊ. 2:7). വളർന്നത് ഒരു തച്ചന്റെ ഭവനത്തിലായിരുന്നു. പൈതലായിരുന്നപ്പോൾ പ്രാണരക്ഷാർത്ഥം ശിശുവിനെയും കൊണ്ട് മാതാപിതാക്കൾ മിസ്രയിമിലേക്ക് പലായനം ചെയ്തു. ഒരു ശിശുവിന് ലഭിക്കേണ്ടതായ പരിലാളനകൾ അനുഭവിക്കുന്നതിന് ഇടയായില്ല. തന്റെ പരസ്യശുശ്രൂഷാകാലയളവിൽ, അനേക രാത്രികളിലും മരുഭൂമിയിലും കുന്നുകളുടെ പ്രാന്തങ്ങളിലും തന്റെ സ്വർഗ്ഗസ്ഥപിതാവുമായി സംസർഗ്ഗത്തിൽ പ്രാർത്ഥനാനിരതനായിരുന്നു. "കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രനോ തല ചായിപ്പാൻ ഇടം ഇല്ല'' എന്നാണ് കർത്താവു പ്രസ്താവിച്ചത്. ദരിദ്രനായി ജനിച്ച്, ഏറ്റവും ലളിതജീവിതം നയിച്ച ഒരു കർത്താവിന്റെ അനുയായികളായ നാം കഷ്ടതയില്ലാത്ത ഒരു ജീവിതം പ്രതീക്ഷിക്കുന്നതെങ്ങനെ?

ഒരുവൻ ക്രിസ്തുവിൽ വിശ്വസിച്ച്, പുതുജീവൻ പ്രാപിക്കുമ്പോൾ തന്നെ അവൻ പിശാചിന്റെയും, അനുചരന്മാരുടെയും "നോട്ടപ്പുള്ളി" ആയിത്തീരുന്നു. സി. എസ്. ലൂയിസ് (C.S.Lewis) എന്ന പ്രസിദ്ധ ഗ്രന്ഥകാരന്റെ (Screwtape Letters) ഒരു ഭാവനാത്മക രചന ആണെങ്കിലും അതിൽ വളരെ അർത്ഥവത്തായ സത്യം ഉൾക്കൊണ്ടിരിക്കുന്നു. ഒരു പാപി രക്ഷിക്കപ്പെടാതിരിക്കാനും നമ്മുടെ പ്രാർത്ഥനായോഗങ്ങൾ ബൈബിൾ ക്ലാസുകൾ, കൂട്ടായ്മകൾ ഇത്യാദി തടസ്സപ്പെടുത്താനും, വിശ്വാസികൾ പിന്മാറ്റത്തിലാകാനും മറ്റും പിശാച് തന്റെ അനുചരന്മാരെ ആജ്ഞകളും നിർദ്ദേശങ്ങളും നല്കി പറഞ്ഞയയ്ക്കുന്ന ഒരു ചിത്രീകരണമാണ് ഈ ഗ്രന്ഥം. "നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല വാഴ്ചകളോടും, അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനകളോടും അത്രെ" (എഫെ. 6:12). ഇപ്രകാരമുള്ള ഒരു അന്തരീക്ഷത്തിൽ ജീവിക്കുന്ന വിശ്വാസിക്ക് കഷ്ടതയുടെ പാരമ്യത്തിലും അതുസഹിക്കാനും വിജയം കൈവരിക്കാനുമുള്ള ശക്തി ക്രിസ്തു നല്കുന്നു. ''ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു'' എന്ന വചസ്സുകളാൽ

ശിഷ്യന്മാരെ ധൈര്യപ്പെടുത്തിയ കർത്താവ് നമുക്ക് സഹിക്കാവുന്നതിലപ്പുറമായുള്ള പരീക്ഷയിൽകൂടെ നമ്മെ കടത്തുന്നില്ല. പരീക്ഷയോടുകൂടെ അതു സഹിക്കുന്നതിനുള്ള സഹനശക്തിയും അവൻ നമുക്കു പ്രദാനം ചെയ്യുന്നു. നമ്മുടെ വിശ്വാസത്തിന്റെ പരിശോധനകളിൽ പതറാതെ, ക്രിസ്തീയഗുണവിശേഷണങ്ങളാൽ പരിപോഷിതരായി, കഷ്ടങ്ങളിലും മറ്റുള്ളവർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുക്കുകയെന്നതാണ് ഒരു വിശ്വാസിയുടെ ധർമ്മം. വിശ്വാസപരിരക്ഷണത്തിനും, പ്രചരണത്തിനും മറ്റെല്ലാവരേയുംകാൾ മതപീഡയ്ക്ക് വിധേയനായ പൗലൊസ് അപ്പൊസ്തലൻ സാക്ഷിക്കുന്നത് കഷ്ടത ഒരു വരമായിട്ടാണ് (ഫിലിപ്യർ 1:29). ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം അനുഭവിപ്പാനുംകൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു." മരണത്തെ അഭിമുഖീകരിച്ചുകൊണ്ട് കാരാഗൃഹത്തിൽ ബന്ധനസ്ഥനായി കിടന്നപ്പോഴും, "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ" എന്ന് ഫിലിപ്പിയിലെ സഭയ്ക്ക് എഴുതിയിരിക്കുന്നു.

നാനാപരിശോധനകളിലും കഷ്ടതയിലും കൂടെ കടന്നു പോകുന്ന പ്രിയപ്പെട്ടവരേ, ഒന്നുകൊണ്ടും നിരാശപ്പെടരുത്. ഒരുനാൾ നമ്മുടെ കർത്താവു നമ്മെ ചേർത്തുകൊൾകയും അവനോടുകൂടെ നാം നിത്യാനന്ദം അനുഭവിക്കുകയും ചെയ്യുമെന്നുള്ള പ്രത്യാശ നമ്മെ ധൈര്യപ്പെടുത്തട്ടെ. "അവന്റെ ദാസന്മാർ അവനെ ആരാധിച്ചു. അവർ അവന്റെ മുഖം കാണും" (വെളി. 22:3,4).

"കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു". ഇതാണ് യഥാർത്ഥ ക്രിസ്തുമാർഗ്ഗം! കൊടുങ്കാറ്റിനെ അതിജീവിക്കുന്ന വൃക്ഷങ്ങൾക്കു തുല്യമാണ് കഷ്ടതകളെ പ്രത്യാശയോടെ നേരിടുന്ന ബലശാലിയായ വിശ്വാസി. അന്ത്യത്തോളം വിശ്വസ്തരായിരിപ്പാൻ കർത്താവു നമുക്കു കൃപ ചെയ്യട്ടെ. അവന്റെ നാമത്തിനു മഹത്ത്വം. മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കട്ടെ. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്സ്
## Annamma Charles John Writer's Awards

**ക്രൈസ്**തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാ എഴുത്തുകാർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക. ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് അവാർഡ്. ഒരു 'റണ്ണർ അപ്' അവാർഡ്, പ്രശംസാ പത്രവും അയ്യായിരം രൂപയും പ്രോത്സാഹന സമ്മാനമായും നല്കുന്നതാണ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡുകൾ ലക്ഷ്യമാക്കുന്നത്.

**പത്രാധിപർ**

# അനുഗ്രഹിക്കപ്പെട്ട തലമുറയെ വാർത്തുണ്ടാക്കുക



എൽസി ബേബി, ന്യൂ യോർക്ക്

**ഇ**ന്ന് ആരോടു ചോദിച്ചാലും മക്കളുടെ കുറ്റങ്ങളും, തലമുറകളുടെ കുറവുകളുമേ കേൾക്കാനുള്ളു. വാസ്തവത്തിൽ മക്കളോ, തലമുറകളോ ആണോ പിഴച്ചുപോയിരിക്കുന്നത്? അഥവാ മക്കൾ പിഴച്ചു പോയെങ്കിൽ അതിന് ഉത്തരവാദികൾ ആരാകുന്നു? സാഹചര്യങ്ങൾ, ആധുനിക കണ്ടുപിടിത്തങ്ങൾ, സംസ്കാരം, പരിഷ്കാരങ്ങൾ, മതങ്ങൾ, വിശ്വാസങ്ങൾ ഇവയാണോ മക്കൾ വഴിപിഴച്ചു പോകാൻ കാരണം? മാതാപിതാക്കൾക്ക് യാതൊരു ഉത്തരവാദിത്തവുമില്ലേ? വിവാഹം, കുടുംബം, മക്കൾ, തലമുറകൾ ഇവയെല്ലാം മനുഷ്യർക്ക് സന്തോഷത്തോടും സമാധാനത്തോടും കൂടെ ജീവിക്കുവാൻ ദൈവം നല്കിയിട്ടുള്ള സ്വർഗ്ഗീയ വരദാനങ്ങളാകുന്നു. ഇവയിൽ വന്നിട്ടുള്ള പാകപ്പിഴകളാണ് ഇന്നു നാം നമ്മുടെ സമൂഹത്തിൽ കാണുന്ന പാകപ്പിഴകൾ. വിവാഹം ദൈവത്താൽ സ്ഥാപിതമായ പരിശുദ്ധകൂദാശയാകുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു യോജിപ്പിക്കുന്ന യുവതീയുവാക്കന്മാർ മാത്രമായിരിക്കണം വിവാഹിതരാകേണ്ടത്. വിവാഹത്തിലൂടെ ഭാര്യാഭർത്താക്കന്മാരായി ഉയർത്തപ്പെട്ടവർ ദൈവഹിതപ്രകാരം പണിയുന്ന ഭവനം സന്തുഷ്ടകുടുംബമായി തീരണം. കുടുംബം സന്തുഷ്ടമാകണമെങ്കിൽ ദൈവം ദാനമായി നല്കുന്ന മക്കളെ സന്തോഷത്തോടെ ദൈവഹിതപ്രകാരം വളർത്തി വലുതാക്കേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. മക്കളെ എങ്ങനെ വളർത്തണം എന്നതിനെക്കുറിച്ച് ജ്ഞാനികളിൽ ജ്ഞാനിയായ സോളമൻ നല്കിയിട്ടുള്ള ജ്ഞാനോപദേശങ്ങളിലേക്കു വിരൽ ചൂണ്ടുവാനാഗ്രഹിക്കുന്നു. "ചൊല്ലും ചോറും കൊടുത്തു വേണം മക്കളെ വളർത്തുവാൻ" എന്നു നമ്മുടെ പഴമക്കാർ പറഞ്ഞിട്ടുള്ളത് ഇന്ന് കേവലം കിഴവിക്കഥയായി അവഗണിച്ചിരിക്കയല്ലേ? " ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" എന്ന ഉപദേശം എത്ര അർത്ഥവത്തായത്. "ഏതാണ് അവൻ നടക്കേണ്ടുന്ന വഴി"? അവർക്കു തോന്നുന്ന വഴികളാണോ? ഒരിക്കലുമല്ല. കാരണം 'ബാലന്റെ ഹൃദയത്തോടു ഭോഷത്വം പറ്റിയിരിക്കുന്നു. ശിക്ഷയ്ക്കുള്ള വടി അതിനെ അവനിൽ നിന്നും അകറ്റിക്കളയും"! കുഞ്ഞുങ്ങളുടെ ഭോഷത്വങ്ങളും തെറ്റുകൾ ചെയ്യാനുള്ള പ്രവണതകളും അറിയണമെങ്കിൽ അവരുമായി ഏറ്റവും അടുത്ത ബന്ധം പുലർത്തി, അവരുമായി ഇടപെട്ട്, ആശയവിനിമയം ചെയ്ത് മനസ്സിലാക്കി അതനുസരിച്ച് അവരെ ഉപദേശിച്ച് നല്വഴിയിൽ അവരെ നടത്തി വളർത്തുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കുടുംബമായാൽ ചില ചിട്ടകളും, ശിക്ഷണങ്ങളും, ശിക്ഷാക്രമങ്ങളുമുണ്ടായിരിക്കണം. അവ പാലിക്കുവാൻ കുടുംബാംഗങ്ങൾ ഓരോരുത്തരും ബാദ്ധ്യസ്ഥരാകുന്നു. "വടിയും ശാസനയും ജ്ഞാനത്തെ നല്കുന്നു. തന്നിഷ്ടത്തിനു വിട്ടിരുന്ന ബാലനോ അമ്മയ്ക്കു ലജ്ജ വരുത്തുന്നു"! ശിക്ഷയും ശിക്ഷണവുമില്ലാതെ വളരുന്ന മക്കളാണ് ഇന്ന് സമൂഹത്തിൽ കാണുന്ന മിക്ക പ്രശ്നങ്ങൾക്കും കാരണം. ആരെയാണ് കുറ്റം പറയേണ്ടത്? പണ്ട് ഒരമ്മ ചെയ്ത ഒരു മാതൃക പറയാം. സ്കൂൾ വിട്ടുപോന്ന മക്കൾ വഴിയരികിലുള്ള ഒരു പച്ചക്കറി തോട്ടത്തിൽ കയറി ചില പാവയ്ക്ക പറിച്ചുകൊണ്ടുവന്നു. മാതാവു ചോദിച്ചപ്പോൾ ഞങ്ങൾക്കിഷ്ടമായതുകൊണ്ട് പറിച്ചു

കൊണ്ടുപോന്നതാണെന്നു പറഞ്ഞതനുസരിച്ച് ആ മാതാവ് 'പാവയ്ക്ക' ഉപ്പു പോലുമില്ലാതെ വേവിച്ചു രണ്ടു പാത്രങ്ങളിൽ വിളമ്പി മക്കൾക്കു നല്കി. രുചി നോക്കിയാറെ "കയ്പെന്ന്" പറഞ്ഞു. അവർ അതു തിന്നുവാൻ മടി കാണിച്ചപ്പോൾ ആ മാതാവ് വടി എടുത്ത് അവരെ അടിച്ചു നിർബന്ധിച്ചു തീറ്റുവാൻ ശ്രമിച്ചു. പറ്റിയില്ല, ഒടുവിൽ അതുമായി ആ മാതാവ് അവരേയും കൊണ്ട് ആ പച്ചക്കറിതോട്ടക്കാരന്റെ അടുത്തെത്തി ക്ഷമ പറയിപ്പിച്ചു. അയാൾ ആ മാതാവിനോട് എന്തിനാണ് ഈ കുഞ്ഞുങ്ങളെ അടിക്കുന്നത്? പാവയ്ക്ക വേണ്ടതു തരാമല്ലോ"! ആ മാതാവു പറഞ്ഞത് 'ഇന്നു ഞാൻ ഈ മക്കളെ അടിച്ചില്ലെങ്കിൽ അവർ വലുതാകുമ്പോൾ മറ്റുള്ളവർ ഈ മക്കളെ തല്ലുന്നതു ഞാൻ കാണേണ്ടിവരും" എന്നായിരുന്നു. പണ്ടു മുതൽ ഇങ്ങനെ വളർത്തിയ മക്കൾ കുടുംബത്തിനും സമൂഹത്തിനും അനുഗ്രഹവിഷയങ്ങളായി വളർന്നു എന്നതാണ് സത്യം! കുഞ്ഞുങ്ങൾ ചെയ്യുന്ന തെറ്റുകൾ ചെറുതായാലും വലുതായാലും അത് "മുളയിലേ തന്നെ നുള്ളിക്കളഞ്ഞ്" വളർത്തേണ്ടതാകുന്നു. ചെറുപ്രായത്തിൽ മക്കൾ കാര്യസാദ്ധ്യങ്ങൾക്കായി കരയും, ദുഃശ്ശാഠ്യങ്ങൾ കാണിക്കും; നിലത്തു വീണുകിടന്നുരുളും; മാതാപിതാക്കളെ അടിക്കും, ഇടിക്കും പലതും കാണിക്കും. അതൊന്നും കണക്കാക്കാതെ തെറ്റുകൾ തെറ്റാണെന്ന് കുഞ്ഞുങ്ങളെ പഠിപ്പിക്കുക. അവർ ചോദിക്കുന്നതെല്ലാം വാങ്ങികൊടുത്ത് ദുഃഖവും പ്രയാസങ്ങളും എന്തെന്നറിയാതെ അനാവശ്യ ആഡംബരങ്ങളിലും സുഖസൗകര്യങ്ങളിലും വളർത്തി വലുതാക്കിയാൽ അവരിലൂടെ പില്ക്കാലത്തു ദുഃഖിക്കേണ്ടിവരും. സൂക്ഷിക്കുക. ഏകമകനായ 17 വയസ്സുകാരന് അവന്റെ ജന്മദിനത്തിൽ അവന്റെ ഇഷ്ടപ്രകാരം വിലയേറിയ കാറുവാങ്ങിക്കൊടുത്ത്,മകന്റെ പഠിത്തം നിർത്തി കൂട്ടുകാരുമായി ഉല്ലസിച്ച്, മയക്കു മരുന്നിനും, ലൈംഗിക ചേഷ്ടകൾക്കും അടിമയായി നശിക്കുന്നതുകണ്ട് ഹൃദയം തകർന്നു കരയുന്ന മാതാപിതാക്കളെ എനിക്കറിയാം. കുറ്റം ആരുടേതാകുന്നു? മക്കളെ മാത്രം കുറ്റം പറയാനാകുമോ?

പ്രിയമുള്ളവരേ, ഇന്നു നമ്മുടെ സമൂഹത്തിൽ കാണുന്ന മിക്ക 'മുടിയൻ പുത്രന്മാരുടെയും പുത്രിമാരുടെയും വഴിപിഴച്ച കഥകൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ വിരൽചൂണ്ടുന്നത് അവർ വളർന്ന കുടുംബങ്ങളിലേക്കാകുന്നു. തകർന്ന വിവാഹ ബന്ധങ്ങൾ, ശിഥിലമാക്കപ്പെട്ട കുടുംബങ്ങൾ, യാതൊരു ശിക്ഷണമോ ശിക്ഷകളോ ലഭിക്കാതെ തന്നിഷ്ടംപോലെ വളർന്ന മക്കൾ! ധനസമ്പാദനത്തിനായും, ലൗകികഭൗതിക നന്മകൾക്കായും പരക്കം പാഞ്ഞു നെട്ടോട്ടമോടുന്ന മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കു നല്കേണ്ട വാത്സല്യമോ ശിക്ഷണമോ ഉപദേശങ്ങളോ നല്കാതെ അവർ ചോദിക്കുന്നതും, ആഗ്രഹിക്കുന്നതുമെല്ലാം വാങ്ങിക്കൊടുത്തു വളർത്തി വലുതാക്കുന്നതിന്റെ തിക്താനുഭവങ്ങൾ! പ്രിയമുള്ളവരെ, ചില ജീവിതയാഥാർത്ഥ്യങ്ങളിലേക്കു മടങ്ങിവരാം. 'ജീവിതം കേവലം വെള്ളത്തിലെ നീർക്കുമിളകൾ മാത്രമാകുന്നു" "ഇന്നു കണ്ടു നാളെ വാടിപ്പോകുന്ന പുഷ്പങ്ങൾ പോലെ!" "മനുഷ്യജീവിതം കേവലം ശ്വാസം മാത്രം"! മരണം കേവലം യാഥാർത്ഥ്യം മാത്രം. അതു നിശ്ചയം തന്നെ. അതു നമ്മെ എപ്പോൾ സമീപിക്കുമെന്നോ, എങ്ങനെ സമീപിക്കുമെന്നോ, എവിടെവച്ചു സമീപിക്കുമെന്നോ പറയാനാവാത്ത യാഥാർത്ഥ്യം! ഒരേയൊരു ജീവിതം! അതു മനോഹരമാക്കി, സായൂജ്യമാക്കി, ധന്യമാക്കി ജീവിക്കാനുള്ള മാർഗ്ഗങ്ങളും, ബുദ്ധിയും, കഴിവുമെല്ലാം സർവ്വേശ്വരൻ നമുക്കു നല്കിയിട്ടുണ്ട്. സുഖദുഃഖസമ്മിശ്രമാണ് ജീവിതമെന്ന് അറിയാൻ പാടില്ലാത്തവരില്ലല്ലോ. ഏതു സാഹചര്യത്തിലും നമ്പുവാനും ആശ്രയിക്കുവാനും ശക്തനായ ദൈവം തമ്പുരാനെ വിശ്വസിച്ചും, ആശ്രയിച്ചും, ദൈവിക കല്പനകളെ പ്രമാണിച്ചും, ഉള്ളതിൽ തൃപ്തിപ്പെട്ടും, ജീവിച്ചു നല്ലൊരന്ത്യം പ്രാപിക്കുന്നതല്ലേ ഉചിതം? അനാവശ്യ ആഡംബരങ്ങളുടെയും,

*ശേഷം 8-ാം പേജിൽ*

# സാക്ഷാൽ ബുദ്ധിമാൻ

ജെസി ബെൻസെൻ, കൊച്ചി



ധനവാനായൊരു മനുഷ്യന്റെ കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചതിനെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാരോട് ഉപമയായി പറഞ്ഞിരിക്കുന്നതായി നാം വായിക്കുന്നുണ്ട് (ലൂക്കൊ. 16:8). കാര്യവിചാരകൻ തന്റെ വസ്തുവക നാനാവിധമാക്കുന്നു എന്നു കേട്ട യജമാനൻ കണക്കു ചോദിച്ചപ്പോഴാണ് അവൻ ബുദ്ധിയോടെ പ്രവർത്തിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. യജമാനൻ തന്നെ ജോലിയിൽ നിന്നും പിരിച്ചുവിടുമെന്ന തിരിച്ചറിവു നിമിത്തമാണ് അവൻ തന്റെ ഭാവി സുരക്ഷിതമാക്കേണ്ടതിന്, യജമാനന്റെ കടക്കാരെ വിളിച്ചുവരുത്തി അവരുടെ കടം ഇളച്ചു കൊടുത്തത്. ഈ അതിബുദ്ധിയാണ് യജമാനൻ അറിഞ്ഞപ്പോൾ അവനെ പുകഴ്ത്തുന്നതിന് കാരണമായത്.

അനീതികൊണ്ട് ഭാവി സുരക്ഷിതമാക്കുന്ന കാര്യവിചാരകന്റെ അതിബുദ്ധിയാണ് ഇവിടെ കാണുന്നതെങ്കിൽ നിത്യതയാകുന്ന ഭാവിക്കുവേണ്ടി നീതിയോടെ പ്രവർത്തിച്ച് കരുതലോടെ ജീവിക്കുന്നവനാണ് സാക്ഷാൽ ബുദ്ധിമാൻ. ഏതു നിമിഷവും ഈ ലോകവാസം വെടിഞ്ഞ് നിത്യരാജ്യത്തിലേക്ക് പ്രവേശിക്കേണ്ടവരാണെന്ന തിരിച്ചറിവും ബോധ്യവും നിമിത്തം കരുതലോടെ നിക്ഷേപിക്കയും ഒരുക്കത്തോടെ ജീവിതവും ചെയ്യുന്നവനാണ് സാക്ഷാൽ ബുദ്ധിമാൻ.

ഫറവോൻ യിസ്രായേൽ മക്കളോട് കാഠിന്യം തുടങ്ങിയതിനെക്കുറിച്ച് "അവർ പെരുകീട്ട് ഒരു യുദ്ധം ഉണ്ടാകുന്ന പക്ഷം നമ്മുടെ ശത്രുക്കളോട് ചേർന്ന് നമ്മോട് പൊരുത് ഈ രാജ്യം വിട്ട് പൊയ്ക്കളവാൻ സംഗതി വരാതിരിക്കേണ്ടതിന് നാം അവരോട് ബുദ്ധിയായി പെരുമാറുക" എന്നു രാജാവു തന്നെ പറയുന്നതായി നാം വായിക്കുന്നു (പുറ. 1:10). ഇല്ലാത്ത ഒരു കാര്യത്തെക്കുറിച്ച് ആശങ്കപ്പെട്ട് മുൻകരുതൽ എന്ന നിലയിൽ നിരുപദ്രവകാരികളായ ഒരു കൂട്ടം ജനത്തെ ക്രൂരമായി ഉപദ്രവിക്കുവാൻ തീരുമാനിച്ച രാജാവിന്റെ ബുദ്ധി അപാരം തന്നെ. അവരെ ഉപദ്രവിക്കയും വെറുപ്പിക്കയും ചെയ്യുന്നതല്ല, സ്നേഹത്തോടെ ചേർത്തു നിർത്തുന്നതാണ് ബുദ്ധി എന്ന തിരിച്ചറിവുള്ളവനാണ് ബുദ്ധിമാൻ. തങ്ങളെ ഉപദ്രവിക്കുന്ന ഒരു രാജാവിന്റെ പക്ഷത്തു ചേർന്നു നില്ക്കുവാൻ യാതൊരു ജനവും സന്നദ്ധരാകയില്ല. ഭാവി സംബന്ധിച്ച ഇത്തരം ആശങ്കകൾ ദൈവസന്നിധിയിൽ ഭരമേലിപ്പിച്ചു ആശ്വസിക്കുന്നവനാണ് സാക്ഷാൽ ബുദ്ധിമാൻ.

ബുദ്ധിയുള്ള കന്യകമാരും ബുദ്ധിയില്ലാത്ത കന്യകമാരും തമ്മിലുള്ള പ്രധാന വ്യത്യാസം വിളക്കിലെ എണ്ണയുമായി ബന്ധപ്പെട്ടതായിരുന്നു. ഇരുകൂട്ടരും മണവാളനെ കാത്തിരിക്കുകയായിരുന്നു. ബുദ്ധിയില്ലാത്ത കന്യകമാരുടേത് ബാഹ്യമായ കാത്തിരുപ്പ് മാത്രമായിരുന്നു. എന്നാൽ ബാഹ്യമായി മാത്രമല്ല, ആന്തരീകമായും കാത്തിരുന്നവരാണ് ബുദ്ധിയുള്ളവരായി കണക്കാക്കപ്പെട്ടത്. കാത്തിരിക്കുന്നുണ്ടോ കൈയിൽ വിളക്കുണ്ടോ

*ശേഷം 11-ാം പേജിൽ*

# അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു; അവളുടെ ഭർത്താവും അവളെ പ്രശംസിക്കുന്നത്: സദൃശ. 31:28



തങ്കമ്മ സാം, തിരുവനന്തപുരം

**ഏ**തൊരു മാതാവാണ്, ഭാര്യയാണ് ഇങ്ങനെ ഒരു പ്രശംസ ആഗ്രഹിക്കാത്തത്!!! എന്റെ പ്രിയ സഹോദരിമാരേ, അമ്മമാരേ, നമുക്കും ഈ സദൃ. 31 ലെ സ്ത്രീരത്നത്തെപ്പോലെ ദൈവഭക്തിയിൽ നമ്മുടെ ജീവിതത്തെ ധന്യമാക്കി ഉത്തമഭാര്യ, സാമർത്ഥ്യമുള്ള സ്ത്രീരത്നം ആകാം. മേലുദ്ധരിച്ചിരിക്കുന്ന വചനഭാഗം നമ്മെ പഠിപ്പിക്കുന്നത് എന്ത് എന്ന് ചിന്തിക്കാം.

സാമർത്ഥ്യമുള്ള ഭാര്യയെയാണ് സദൃ. 31:10-31 വരെ വരച്ചു കാട്ടുന്നത്. അവൾ തന്റെ ജീവിതം ധന്യമാക്കുന്നു. എങ്ങനെ? അതിനു മുമ്പായി അനുയോജ്യമല്ലാത്ത രണ്ടുകാര്യങ്ങൾ നോക്കാം. 1) വാ. 29. അനേകം തരുണികൾ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്; നീയോ, അവർ എല്ലാവരിലും ശ്രേഷ്ഠയായിരിക്കുന്നു. അതായത്, സാമർത്ഥ്യം ഒരിക്കലും അസ്ഥാനത്ത് ആകുവാൻ പാടില്ല. അത് ഗുണത്തിനു പകരം വലിയ ദൂഷ്യഫലം ഉണ്ടാക്കും, മക്കൾ ദൈവികവഴി വിട്ട് ലോകത്തിന്റെ ഇമ്പങ്ങളിലേക്ക് പോകുന്നതിനും, കുടുംബം ശിഥിലം ആകുന്നതിനും ഭർത്താക്കന്മാർ ലജ്ജിച്ചു തല താഴ്ത്തുന്നതിനും ഇടയായിത്തീരും എന്നത് നമുക്ക് ഭയനിർദ്ദേശമായിരിക്കട്ടെ. സഹോദരിമാരായ നാം ഭയഭക്തിയിൽ, ദൈവത്തിൽ നമ്മെത്തന്നെ സമ്പൂർണ്ണമായി താഴ്ത്തി സ്വന്തഭർത്താവിന് കീഴ്പ്പെട്ടു മക്കൾക്കും മറ്റുള്ളവർക്കും മാതൃകയായി ജീവിക്കാം. കുടുംബത്തിന്റെയും മറ്റുള്ളവരുടെയും നന്മമാത്രമായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം. ദൈവം ഏല്പിച്ചിരിക്കുന്ന മക്കളെ ഈ ലോകത്തിനു അനുരൂപരാകാതെ ആത്മികരായി വളർത്താം. അപ്പോൾ നാമും നമ്മുടെ കുടുംബവും സഭയും നമ്മോട് ഇടപെടുന്നവരും അനുഗ്രഹിക്കപ്പെടും. നാം ഒരു അനുഗ്രഹവിഷയമായിരിക്കും.

2) വാ: 30 ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു. യഹോവഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും. ഒരു ദൈവപൈതലിനെ ഉത്തമയാക്കിത്തീർക്കുന്നത് സൗന്ദര്യമോ ലാവണ്യമോ അല്ല. ദൈവഭക്തിയാണ്. ലോകമനുഷ്യർ ബാഹ്യമായ സൗന്ദര്യത്തിലും ലാവണ്യത്തിലും ആശ്രയിക്കുമ്പോൾ, ദൈവമക്കളായ സ്ത്രീരത്നങ്ങൾ ദൈവത്തിലും അവന്റെ അമിതബലത്തിലും ആശ്രയിക്കണം. അകമേ സൗന്ദര്യം വർദ്ധിക്കണം. അകത്തെ മനുഷ്യൻ നാൾക്കുനാൾ വളരണം "നീയോ വളരേണം, ഞാനോ കുറയേണം" ലോകം, ജഡം, പിശാച്, ഇവയാണ് ലോകമനുഷ്യരെ നയിക്കുന്നത്. നമ്മുടെ അലങ്കാരം പൊന്നണിയുന്നതോ തലമുടി പിന്നുന്നതോ വിലയേറിയ വസ്ത്രങ്ങൾ അണിയുന്നതോ അല്ല, ക്രിസ്തുവിനെത്തന്നെയാണ് നാം ധരിച്ചിരിക്കുന്നത്. നമ്മെക്കാണുന്നവർ, ക്രിസ്തുവിനെക്കാണണം. അതിനായി പരിശുദ്ധാത്മാവിനും തിരുവചനത്തിനും വിധേയപ്പെട്ട് നമുക്ക് ജീവിക്കാം:

യഹോവാഭക്തിയുടെ ലക്ഷണങ്ങൾ നമുക്ക് ചിന്തിക്കാം. ഒരു നല്ല ഭാര്യ, കുടുംബിനി, മാതാവ് മറ്റുള്ളവരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നത് എങ്ങനെയെല്ലാം? എന്ന് സദൃ. 31:10-31 വരെ അതു വരച്ചുകാട്ടിയിരിക്കുന്നു. ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കത്തക്കവണ്ണം വാ:11 ധന്യമായ ഒരു ജീവിതത്തിന്റെ ഉടമയാണ് ഈ ധന്യസ്ത്രീ. ഭർത്താവിന്റെ ലാഭത്തിനു ഒരു കുറവും വരുത്താതെ

രാപകൽ അദ്ധ്വാനിക്കുന്ന ഭാര്യ; അവൾ തന്റെ ആയുഷ്ക്കാലമൊക്കെയും അവന്നു തിന്മയല്ല നന്മതന്നെ ചെയ്യുന്നു. വാ: 12. എത്രയോ ഭാര്യ മാർ ഉത്തരവാദിത്തമില്ലാതെ, കരുതലില്ലാതെ ജീവിക്കുന്നതിനാൽ, ഭർത്താക്കന്മാർക്കു നഷ്ടം മാത്രം വരുത്തിക്കൂട്ടുന്നു. ഉത്തമയായ ഭാര്യയോ സന്തുഷ്ടമായകുടുംബം കെട്ടിപ്പടു ക്കുന്നു. കർത്താവിന്റെ ശ്രേഷ്ഠഅപ്പൊസ്തല നായ പൗലൊസ്, അങ്ങനെയൊരു സ്ത്രീരത്ന ത്തിൽ ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ തീത്തൊസ് 2:3-5 വരെയുള്ള വേദവാക്യങ്ങ ളിൽ പറയുന്നതു ശ്രദ്ധിക്കുക: 'വൃദ്ധമാരും അങ്ങനെ തന്നേ നടപ്പിൽ പവിത്രയോഗ്യമാരും ഏഷണി പറയാത്തവരും വീഞ്ഞിനു അടിമപ്പെ ടാത്തവരും .............ദൈവവചനം ദുഷിക്കപ്പെ ടാതിരിക്കേണ്ടതിനു യൗവ്വനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോ ധവും പാതിവ്രത്യവും ഉള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്ക ന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലി ക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരും ആയി രിക്കേണം - ഹാ! ഇങ്ങനെയുള്ള സ്ത്രീരത്ന മായിരിക്കട്ടെ നമ്മുടെ മാതൃക. സദൃ. 31:10-31 വരെ പ്രതിപാദിച്ചിരിക്കുന്ന ഉത്തമഭാര്യ, മാതാവ് ഇതത്രേ!! അവളുടെ വില മുത്തുക ളിലും ഏറും. വാ:10. അവൾ മക്കളാലും ഭർത്താ വിനാലും കുടുംബക്കാരാലും മറ്റുള്ളവരാലും പ്രശംസിക്കപ്പെടും. അസ്ഥാനത്തു സാമർത്ഥ്യം കാണിക്കുന്നതിന്റെ ദോഷം നാം ചിന്തിച്ചല്ലോ? നമുക്ക് അതിന് ഇടയാകാതിരിക്കട്ടെ.

പ്രശംസനീയമായ, അനുഗ്രഹകരമായ, ലാഭകരമായ കുടുംബജീവിതം പടുത്തു യർത്തേണ്ട ഉത്തരവാദിത്തം നമുക്കാണ്. അതിനു വളരെ ത്യാഗവും അത്യദ്ധ്വാനവും അത്യന്താപേക്ഷിതമാണ്. ദൈവഭക്തിയാൽ, ദൈവാശ്രയത്താൽ അതു സാദ്ധ്യമാകും. നാം എന്തു ചെയ്താലും പ്രാർത്ഥനയോടെ കുടും ബത്തിന്റെ നന്മയ്ക്കും ഉന്നമനത്തിനും ആയിട്ട് താൽപര്യത്തോടെ, ത്യാഗമനസ്സോടെ ചെയ്യ ണം. അവളുടെ വിളക്കു രാത്രിയിൽ കെട്ടുപോ കുന്നില്ല വാ18. അർത്ഥാൽ വിശ്രമമില്ലാതെ അദ്ധ്വാനിക്കുന്നു. ബലംകൊണ്ട് അരമുറുക്കു കയും ഭുജങ്ങളെ ശക്തീകരിക്കുകയും ചെയ്യു ന്നു. വാ:17 ആട്ടുരോമവും ശണവും മറ്റ് ആവ ശ്യസാധനങ്ങളും ആരും കൊണ്ടുചെന്നു കൊടുക്കുവാൻ കാത്തിരിക്കാതെ സ്വന്ത അദ്ധ്വാനം കൊണ്ടു സമ്പാദിക്കുന്നു. ഒരു കച്ച വടക്കപ്പൽപോലെ എല്ലാം ദൂരത്തുനിന്നു കൊണ്ടുവരുന്നു. മടിപിടിച്ചു കിടന്നുറങ്ങാതെ, നന്നാ രാവിലെ എഴുന്നേറ്റ്, വീട്ടിലുള്ളവർക്ക് ആഹാരവും വേലക്കാരത്തികൾക്ക് ഓഹരിയും കൊടുക്കുന്നു. വാ:13-15. കൈനേട്ടംകൊണ്ടും നിലവും മുന്തിരിത്തോട്ടവും സമ്പാദിക്കുന്നു. വാ:16. എളിയവരെയും ദരിദ്രരെയും കൈതു റന്നു സഹായിക്കുന്നു. വീട്ടുകാരെ കരുതി, കമ്പിളി ഉണ്ടാക്കി അവരെ ധരിപ്പിക്കുവാൻ ഹിമ ത്തെപ്പോലും പേടിക്കുന്നില്ല. അവളുടെ കഠിന അദ്ധ്വാനത്താൽ വീട്ടുകാർക്കെല്ലാം കമ്പിളിപു തപ്പുണ്ട്. താൻതന്നെ പരവതാനിയും ശണവ സ്ത്രവും, ധൂമ്രവസ്ത്രവും ഉണ്ടാക്കി ധരിക്കുന്നു. ശണവസ്ത്രവും അരക്കച്ചയും വ്യാപാരം ചെയ്യുന്നു. വാ: 20-24 ബലവും മഹിമയും അവ ളുടെ ഉടുപ്പ്. ഭാവികാലം ഓർത്ത് അവൾക്ക് പുഞ്ചിരിക്കുവാൻ കഴിയുന്നു. വാ:25. ഈ കഠി നാദ്ധ്വാനത്തിലും അവളുടെ ജീവിതം ഉടനീളം യാതൊരു പിറുപിറുപ്പും പരാതിയും പരിഭ വവും കാണുന്നില്ല. നാം എങ്ങനെ? കർത്താ വിനു അല്പം ശുശ്രൂഷചെയ്തപ്പോൾ പരിഭ്ര മിച്ചു പരാതിപറഞ്ഞ മാർത്തമാരല്ലേ നാം? ചിന്തിക്കുക. മറ്റുള്ളവരെ ആത്മാർത്ഥമായി കരുതുന്നതിനാൽ അവൾക്കുതന്നെ അതിന്റെ അനുഗ്രഹവും നേട്ടവും ഉണ്ടാകുന്നു. ഈ സ്ത്രീരത്നം അവളുടെ വായ് തുറക്കുന്നതു ജ്ഞാനത്തോടെയാണെന്നാണ്. ദയയുള്ള ഉപ ദേശമാണ് അവളുടെ നാവിന്മേൽ ഉള്ളത്. വാ:26. സഹോദരിമാരായ നാം ഇതിൽ നമ്മെ ത്തന്നെ ഒന്നു ശോധന ചെയ്യേണ്ട ആവശ്യകത വലിയതാണ്. നമ്മുടെ സംസാരം എത്രയോ അജ്ഞത നിറഞ്ഞതും അവിവേകത്തോടു കൂടിയതും ആകുന്നില്ലേ പലപ്പോഴും.

മക്കളോടുള്ള ഉപദേശം എത്രയോ മാതൃകയില്ലാത്തതും കഠിനവാക്കുകളാൽ നിറഞ്ഞതുമല്ലേ! മറ്റുള്ളവരെ മുറിവേല്പിക്കുന്നതും മക്കളെ അനുസരണം കെട്ടവരാക്കിത്തീർക്കുന്നതിനുമല്ലേ അത് ഇടയാക്കുന്നുള്ളൂ. ചിന്തിക്കാം, തിരുത്താം. ദൈവസന്നിധിയിൽ താഴാം. ദൈവകൃപ വളരെ ആവശ്യമാണ്. നമ്മുടെ വാക്കുകൾ കൃപയോടു കൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കട്ടെ. ദൈവസ്നേഹത്തിൽ നമുക്കു നാൾക്കുനാൾ വർദ്ധിച്ചുവരാം. നമ്മുടെ മടിയും അലസതയും മാറ്റി ഉത്സാഹമുള്ളവരായിരിക്കാം.

ഭർത്താവിനു കിരീടമായി ഈ സ്ത്രീരത്നം വിളങ്ങുകയാണ്. അവൻ പട്ടണവാതില്ക്കൽ മൂപ്പന്മാരോടുകൂടെ ഇരിക്കുമ്പോൾ പ്രശംസിക്കപ്പെടും. വാ: 23. ഭാര്യയുടെ ജീവിതംകൊണ്ട് ഭർത്താവിനു ലഭിക്കുന്ന പ്രശംസ എത്ര ധന്യം!! ഭാര്യയെ കിട്ടുന്നവനു നന്മ കിട്ടും: യഹോവയോടുള്ള പ്രസാദം ലഭിച്ചുമിരിക്കുന്നു. 18:22. ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം 19:14. താഴ്മയ്ക്കും യഹോവാഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു. 22:4. ഈ വനിതാരത്നത്തിന്റെ ജീവിതവിജയം അവളുടെ യഹോവാഭക്തിക്കും ദൈവാശ്രയവും ഉത്തരവാദിത്തബോധവും കഠിനാദ്ധ്വാനവും മറ്റുള്ളവരോടുള്ള ആത്മാർത്ഥമായ സ്നേഹവും കരുതലും ആണ്. അതിനാൽ അവൾ ഭാഗ്യവതി എന്ന നാമത്തിനും പ്രശംസയ്ക്കും അർഹയായി അനുഗ്രഹീതയായി. നമുക്കും ഇങ്ങനെയൊരു ജീവിതത്തിനായി ആഗ്രഹിച്ചു പ്രവർത്തിക്കാം.

പ്രിയ സഹോദരിമാരേ! എത്ര നല്ല മാതൃക. നമ്മുടെ ജീവിതത്തിന് അല്പം താളം തെറ്റുമ്പോൾ നമുക്ക് ദൈവം നല്കിത്തന്ന ഈ വചനഭാഗം വായിച്ച് നമ്മെതന്നെ ക്രമീകരിക്കാം, വിജയം നേടാം. ദൈവഭക്തിയിലും ദൈവസ്നേഹത്തിലും നമ്മെത്തന്നെ സർവ്വശക്തനായ കർത്താവിൽ സമർപ്പിച്ച് അദ്ധ്വാനശീലരായി ജീവിക്കാം. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇവ സമ്പൂർണ്ണമായി വർജ്ജിക്കാം. ദൈവഭക്തിയിൽ വിശുദ്ധിയെ തികച്ച്, നടപ്പിൽ നിർമ്മദരായി നല്ല കുടുംബജീവിതം കെട്ടിപ്പടുക്കാം. അലസത അകറ്റി, അത്യുത്സാഹികളായി, സ്വന്തഭർത്താവിനും മക്കൾക്കും മറ്റുള്ളവർക്കും പ്രശംസാപാത്രമായി, ക്രിസ്തുവിൽ പത്രങ്ങളായി, ആത്മമണവാളനു മാനപാത്രമായി ജീവിക്കാം. സർവ്വകൃപാലുവായ ദൈവം അതിനു നമ്മെ സഹായിക്കട്ടെ- കർത്താവിന്റെ ശ്രേഷ്ഠവും നിസ്തുല്യവുമായ നാമം മാത്രം മഹത്ത്വപ്പെടട്ടെ. ആമേൻ. ❑

---

*4-ാം പേജിൽ നിന്നും തുടർച്ച (അനുഗ്രഹിക്കപ്പെട്ട തലമുറയെ...)*

ആർഭാടങ്ങളുടെയും, പരിഷ്കാരങ്ങളുടെയും ദ്രവ്യാഗ്രഹത്തിന്റെയും പുറകേപോയി ജീവിതം നഷ്ടമാക്കിയാൽ എന്തുലാഭം? ഒരു മനുഷ്യൻ സർവ്വലോകവും നേടിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തുപ്രയോജനം? മരണാനന്തര ജീവിതമാകുന്നു യഥാർത്ഥജീവിതം എന്നോർക്കുക. അതിന്നുള്ള ഒരുക്കം മാത്രമാണ് ഈ ജീവിതം. 'ആകയാൽ എല്ലാറ്റിന്റേയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ട്, അവന്റെ കല്പനകൾ പ്രമാണിച്ച് ജീവിച്ചുകൊൾക. അതാകുന്നു സകലമനുഷ്യർക്കും വേണ്ടത്. ദൈവം നല്ലതും തീയതുമായ സകലത്തേയും സകലരഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ" (സോളമൻ).

പ്രിയമുള്ളവരേ, മരണാനന്തരം ഒരു ന്യായവിധിയുണ്ട്. നീതിമാന്മാർ സ്വർഗ്ഗത്തിലേക്കും, അധർമ്മികൾ നരകത്തിലേക്കും പോകുന്ന ഒരു ന്യായവിധി! ഏതുവേണമെന്നു തീരുമാനിക്കുവാനുള്ള അവസരം ഇന്നു മാത്രമാകുന്നു. നന്മകൾ തിരഞ്ഞെടുത്ത് ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തിലാകുക. നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിക്കുക. സർവ്വകൃപാലുവായ ദൈവം അതിനു നിങ്ങളെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അനുഗ്രഹിക്കപ്പെട്ട തലമുറകളെ വാർത്തുണ്ടാക്കുക. ❑

# കിരീടങ്ങൾ

മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ



**നൊ**ടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താത്ക്കാലികം, കാണാത്തതോ നിത്യം (2 കൊരി. 4:17,18).

ദമസ്കൊസ് തെരുവീഥിയിൽ വച്ചുണ്ടായ ക്രിസ്തുവിന്റെ പ്രത്യക്ഷത പൗലൊസിനെ പുതിയ ഒരു സൃഷ്ടി ആക്കിതീർത്തു. ക്രിസ്തീയ ദൗത്യനിർവ്വഹണത്തിനുവേണ്ടി സ്വയം ഏല്പിച്ചുകൊടുത്തുകൊണ്ട് എന്തും സഹിപ്പാൻ സഹിഷ്ണുത കാണിച്ചപ്പോൾ വെളിപ്പാടുകളുടെ ആധിക്യത്താൽ അനുഗൃഹീതനായി തീർന്നു. തുടർന്നുള്ള പൗലൊസിന്റെ ജീവിതത്തിൽ കർത്താവിനുവേണ്ടി അനുഭവിച്ച കഷ്ടാനുഭവങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ (2 കൊരി. 11:23,24) കൊരിന്ത്യർക്കു എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്ര വലിയ കഷ്ടങ്ങളിലൂടെ കടന്നുപോകുമ്പോഴും നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം എന്നാണു പൗലൊസ് അവിടെ പരാമർശിച്ചിരിക്കുന്നത്. കഷ്ടം അനുഭവിക്കുന്നത് വരമായിട്ടാണു കരുതിയിരിക്കുന്നത്. അതുവേഗം തീരുകയും അത്യന്തം അനവധിയായ തേജസ്സിന്റെ നിത്യഘനം ലഭിക്കുമെന്നുള്ള വലിയ വാഞ്ഛ പൗലൊസ് മുന്നിൽ കാണുന്നു. അതുകൊണ്ട് കാണുന്നതിനെ ലക്ഷ്യമാക്കിയല്ല കാണാത്തതിനെ നോക്കി യാത്ര തുടരുകയാണ്. ദൈവമക്കൾ ആയിരിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും ലക്ഷ്യം ഇതായിരിക്കണം.

ഇന്നു വിശ്വാസികളായ നാം ബഹുവിധമായ സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ മനോഭാവം എങ്ങനെയുള്ളതാണ്. നിത്യതയിലേക്കു നോക്കി വരാനിരിക്കുന്ന തേജസ്സിന്റെ ആത്മിക സന്തോഷത്തിലാണോ അതോ സഹനത്തിന്റെ മുന്നിൽ ക്ഷീണിച്ചു പിറുപിറുക്കുകയാണോ? കഷ്ടത്തിൽ ഏറ്റവും അടുത്ത തുണയായി നമ്മുടെ പ്രിയൻ കൂടെയുണ്ട്. എന്നു മാത്രമല്ല അനേക കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്തിൽ നമുക്കു ആശ്വാസം കണ്ടെത്താം.

ഇഹത്തിലെ ദുരിതം വേഗം തീരുകയും നാം പറന്നു പോകുകയും ചെയ്യും. ഓരോരുത്തനും അവനവന്റെ നടപ്പിനും പ്രവൃത്തികൾക്കും തക്കവണ്ണം കൊടുക്കേണ്ടതിനു മനുഷ്യരുടെ എല്ലാവഴികളിലും ദൈവത്തിന്റെ ദൃഷ്ടി സദാസമയത്തും ഉണ്ട് എന്നു നാം ഓർക്കണം. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കുന്നു എങ്കിൽ അവനു പ്രതിഫലം കിട്ടും ഒരുത്തന്റെ പ്രവൃത്തി വെന്തു പോയെങ്കിൽ അവനു ചേതം വരും താനോ രക്ഷിക്കപ്പെടും എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ (1 കൊരി 3:14-15). ദൈവത്തിനു മുഖപക്ഷമില്ല. ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മയ്ക്കു കർത്താവിൽ നിന്നും പ്രതിഫലം ലഭിക്കും (എഫെ. 6:8). ഇതാ ഞാൻ

വേഗം വരുന്നു ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട് (വെളി. 22:12). അവകാശം എന്ന പ്രതിഫലം കർത്താവു തരുമെന്നു അറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ. നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനു എന്നപോലെ മനസ്സോടെ ചെയ്വിൻ (കൊലൊ. 3:23,24).

മുകളിൽ പ്രസ്താവിച്ച തിരുവചനങ്ങളിൽ നിന്നും നമ്മുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം തരുന്ന ഒരു ദിവസം ഉണ്ടെന്നറിഞ്ഞ് നമ്മുടെ പ്രവാസകാലം ഭയത്തോടും വിറയലോടും നയിക്കേണ്ടതാണ്. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2കൊരി 5:10).

നീതിയുള്ള ന്യായാധിപനിൽ നിന്നും ന്യായമായതു ലഭിക്കാൻ ന്യായാസനത്തിനു മുമ്പാകെ നില്ക്കുന്ന അതിവിദൂരമല്ലാത്ത ഭാവിപ്രത്യാശയ്ക്കായി ക്രിസ്തീയ ജീവിതം നയിക്കുന്നവരാണു നാം. വേഗം വരുന്ന കർത്താവിന്റെ കൈയിൽ നമുക്കു നല്കാൻ അനേകം പ്രതിഫലങ്ങൾ ഉണ്ടെന്നു വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ലേഖനങ്ങൾ പരിശോധിക്കുമ്പോൾ അഞ്ച് കിരീടങ്ങൾ ഉള്ളതായി കാണാൻ കഴിയുന്നു എങ്കിലും ഇതിന്റെ ആത്മിക സത്യങ്ങളെകുറിച്ച് കൂടുതലായി അറിയില്ല.

**വാടാത്തകിരീടം (1കൊരി. 9:25):** ഈ ലോകത്ത് പലതരം കിരീടങ്ങൾ ഉണ്ട് അതെല്ലാം വാടുന്നതാണ്. വാടുന്ന കിരീടത്തിനുവേണ്ടി അങ്കം പൊരുതുന്നവർ പലവിധമായ വർജ്ജനം ആചരിച്ച് അശ്രാന്ത പരിശ്രമത്തിലൂടെ ഒരുവൻ നേടുന്നു. എന്നാൽ നമ്മുടെ കർത്താവു നമുക്കു നല്കുന്ന വാടാത്ത കിരീടം ക്രിസ്തീയ ജീവിതത്തിൽ വിശ്വസ്തതയോടെ ഓട്ടം തികച്ച് ദൈവസന്നിധിയിൽ ചെന്നുചേരുന്ന എല്ലാ വിശുദ്ധന്മാർക്കും ലഭിക്കുന്നതാണ്.

**പ്രശംസാകിരീടം (1തെസ്സ. 2:19):** തെസ്സലൊനിക്യയിലെ സഭാവിശ്വാസികൾ കർത്താവിന്റെ നാമമഹത്ത്വത്തിനുവേണ്ടി കാണിച്ച സഹിഷ്ണുതയെ പൗലൊസ് പ്രശംസിക്കുകയാണ്. ദൈവിക മർമ്മങ്ങളെ മനസ്സിലാക്കിയപ്പോൾ വലിയ വിലകൊടുത്തു വിശ്വാസസത്യങ്ങൾക്കുവേണ്ടി അന്ത്യത്തോളം പിടിച്ചുനിന്ന വിശ്വാസസമൂഹത്തെയാണ് "കർത്താവിന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാകിരീടമോ ആർ ആകുന്നു. നിങ്ങളും അല്ലയോ" എന്നു പറയുന്നു. അതുകൊണ്ട് ആത്മാക്കളെ നേടുന്നവർക്കു നല്കുന്ന കിരീടമാണ് പ്രശംസാകിരീടം.

**നീതിയുടെ കിരീടം (2 തിമൊ. 4:7,8):** "ഞാൻ നല്ലപോർ പൊരുതു ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ". ദൈവമക്കൾക്കു വിശ്വാസജീവിതത്തിൽ പലവിധമായ പോരാട്ടം ഉണ്ട്. അതിനെ അതിജീവിച്ച് ജഡത്തിലെയും ആത്മാവിലെയും സകലകന്മഷവും നീക്കി ജീവിതത്തിന്റെ അവസാനംവരെ വിശ്വാസം കാത്തു സൂക്ഷിക്കുന്ന ഏതൊരു വിശ്വാസിക്കും ലഭിക്കുന്നതാണു നീതിയുടെ കിരീടം.

**ജീവകിരീടം (യാക്കോബ് 1:12):** "പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം

കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും". പ്രിയദൈവമക്കളെ വിശ്വാസജീവിതയാത്രയിൽ അനവധിയായ പരീക്ഷകൾ ദൈവമക്കൾക്കു ഏറിവരുന്നതായി നാം ഈ നാളുകളിൽ കണ്ടു വരുന്നുണ്ട്. ദൈവനാമത്തിന്റെ മഹത്ത്വത്തി നായും ദൈവരാജ്യത്തിന്റെ വ്യാപ്തിക്കു വേണ്ടിയും വിശ്വാസികളുടെ ആത്മിക വളർച്ച യ്ക്കായും അഹോരാത്രം പരിശ്രമിച്ചിട്ടുള്ള ഉപ ദേഷ്ടാക്കന്മാരും സഭാശുശ്രൂഷകന്മാരും അതു പോലെ വിശ്വാസത്തിനുവേണ്ടി ലോക ത്തെയും ലോകക്കാരെയും തള്ളിക്കളഞ്ഞു എല്ലാവരാലും പഴിയും ദുഷിയും നിന്ദയും അനുഭവിച്ചു നല്ല സാക്ഷ്യം പുലർത്തി ക്രിസ്തീയജീവിതം നയിച്ച അനേകം ദൈവമ ക്കളും ആയുസ്സിന്റെ പകുതിപോലും എത്താതെ പലവിധ അപകടങ്ങളാലും രോഗ ങ്ങളാലും കഷ്ടപ്പെടുന്നവരും ഈ ലോകത്തു നിന്നും മാറ്റപ്പെട്ടവരും മാത്രമല്ല വാർദ്ധക്യ ത്തിന്റെ ക്ഷീണാവസ്ഥയിൽ മാരകരോഗ ങ്ങൾക്കു അടിമകളായി സഹിക്കാൻ കഴി യാത്ത വേദന അനുഭവിച്ചു ജീവിതത്തിന്റെ അവസാനനാളുകൾ ക്ലേശപൂർണ്ണമായി കടന്നു പോകുമ്പോഴും ദൈവത്തെ മഹത്ത്വപ്പെടുത്തി കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ളവർക്കു ഇഹ ത്തിലെ നൊടിനേരത്തേക്കുള്ള കഷ്ടം കഴിഞ്ഞ് പ്രിയന്റെ സന്നിധിയിൽ ചെന്നു ചേരു മ്പോൾ വിശ്വസ്തദാസി, ദാസനേ എന്ന വിളി യോടെ കർത്താവു അവരെ സ്വീകരിക്കയും അവർക്കായി ഒരുക്കിവച്ചിരിക്കുന്ന ജീവകിരീടം നല്കി ആദരിക്കും (ഇയ്യോബിന്റെ സഹിഷ്ണു തയെ കുറിക്കൊള്ളാം).

**തേജസ്സിന്റെ വാടാത്ത കിരീടം (1 പത്രൊ. 5:4):** എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാ കുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും. ആടുകൾക്കുവേണ്ടി ജീവനെ കൊടുത്ത നല്ല ഇടയനായ കർത്താവിന്റെ മാതൃക പിൻപറ്റി തള്ളയാടുകളെ പതുക്കെ നട ത്തുകയും കുഞ്ഞാടുകളെ ഭുജത്തിൽ വഹിക്കു കയും ചെയ്തു. തന്റെ കൈക്കീഴിൽ ഏല്പി ച്ചിരിക്കുന്ന ആടുകളെ ക്ഷേമത്തോടെ പോറ്റി പുലർത്തുന്ന നല്ല ഇടയന്മാർക്കു ഇടയശ്രേഷ്ഠ നായ കർത്താവു നല്കുന്നതാണ് തേജസ്സിന്റെ വാടാത്തകിരീടം.

❑

---

***5-ാം പേജിൽ നിന്നും തുടർച്ച (സാക്ഷാൽ ബുദ്ധിമാൻ)***

എന്നിവ മാത്രമല്ല, വിളക്കിൽ എണ്ണയുണ്ടോ എന്നതും തുല്യപ്രാധാന്യമുള്ള കാര്യമാണ്. എണ്ണയും കൂടെ കരുതിയവരാണ് ബുദ്ധിയുള്ള വർ. ഭൗതികമോ ബാഹ്യമായതോ കാണപ്പെ ടുന്നതോ ആയ സംഗതികളാൽ ഒരുവനെ ബുദ്ധിമാനാണോ അല്ലയോ എന്നു വിലയിരു ത്താനാവില്ല. മണവാളന്റെ വരവിനുവേണ്ടി ആന്തരികമായ ഒരുക്കവും കരുതലും ഉള്ളവ രാണ് സാക്ഷാൽ ബുദ്ധിയുള്ളവർ.

"എന്നാൽ ബുദ്ധിമാന്മാർ ആകാശ മണ്ഡലത്തിലെ പ്രഭപോലെ.... എന്നും എന്നേക്കും പ്രകാശിക്കും" (ദാനി 12:2, 3) എന്നു പറഞ്ഞിരിക്കുന്നതിനു തൊട്ടുമുമ്പ് നിത്യജീവ നെക്കുറിച്ചും നിത്യനിന്ദയെക്കുറിച്ചും പരാ മർശിച്ചിട്ടുണ്ട്. ലൗകികമായി ബുദ്ധിയോടെ ജീവിക്കുന്നവരോ പ്രവർത്തിക്കുന്നവരോ അല്ല നിത്യയ്ക്കുവേണ്ടി കരുതലും ഒരുക്കവും ഉള്ള വരാണ് സാക്ഷാൽ ബുദ്ധിമാന്മാർ. ആകയാൽ, ഈ ലോകത്തിലെ നിക്ഷേപം കൊണ്ട് നമുക്കു ഒരു പ്രയോജനവുമില്ലെന്ന് തിരിച്ചറിഞ്ഞ് ബുദ്ധിയുള്ളവരായിരിക്കാം. ദൈവം കൃപ നല്കട്ടെ.

❑

# ദൈവത്തിനു പ്രസാദമുള്ള യാഗം

ജോയമ്മ സാംസൺ, കൊല്ലം



പഴയനിയമകാലത്ത് പുരോഹിതന്മാരാണ് യാഗം അർപ്പിച്ചിരുന്നത്. പുതിയ നിയമത്തിലേക്കു വരുമ്പോൾ സഹോദരിമാരായ നമുക്കും ഈ ശുശ്രൂഷ ചെയ്യാം. കാരണം നാം രാജകീയ പുരോഹിത വർഗ്ഗമാണ്. അവിടെ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ല, അന്ധകാരത്തിൽ നിന്നു അത്ഭുതപ്രകാശത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന ഏവരും. അതുകൊണ്ടു സഹോദരിമാരെ സംശയമില്ല നാം ദൈവശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർ തന്നെ. കാരണം ദൈവവചനം പറയുന്നു - "നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു" (1 പത്രൊ. 2:5). ഇന്നും പുരോഹിതരായ നാം ദൈവത്തിനു പ്രസാദകരമായ യാഗം അർപ്പിക്കണം. യാഗം അർപ്പിക്കാൻ ഒരു യാഗപീഠവും ദൈവം ഒരുക്കിയിട്ടുണ്ട്. കർത്താവായ യേശുക്രിസ്തുവാണ് നമ്മുടെ യാഗപീഠം (എബ്രാ. 13:10). ഈ യാഗപീഠത്തിൽ വേണം നാം യാഗം അർപ്പിക്കുവാൻ. ഏതൊക്കെയാണ് സഹോദരിമാരായ നാം അർപ്പിക്കേണ്ട യാഗങ്ങൾ?

1) ജീവനുള്ള യാഗം - റോമ 12:1- "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ".
2) സ്തോത്ര യാഗം - എബ്രാ. 13:15 - "അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക".
3) നീതിയാഗം - സങ്കീ 4:5 - നീതിയാഗങ്ങളെ അർപ്പിപ്പിൻ; യഹോവയിൽ ആശ്രയം വെപ്പിൻ" സങ്കീ. 51:19 - 'അപ്പോൾ നീ നീതിയാഗങ്ങളിലും ഹോമയാഗങ്ങളിലും സർവ്വാംഗഹോമങ്ങളിലും പ്രസാദിക്കും".
4) വിശ്വാസമെന്ന യാഗം - ഫിലി 2:17 - "എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും".
5) നന്മ എന്ന യാഗം - എബ്രാ. 13:16- 'നന്മ ചെയ്വാനും, കൂട്ടായ്മ കാണിപ്പാനും മറക്കരുതു. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നതു".
6) കൂട്ടായ്മ കാണിക്കുക എന്ന യാഗം - ഫിലി 4:18 - "നിങ്ങൾ അയച്ചുതന്നതു സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി.....".
7) സുവിശേഷം അറിയിക്കുക എന്ന യാഗം - റോമർ 15:15 - "എങ്കിലും ജാതികൾ എന്ന വഴിപാട് (യാഗം) പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമായിത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ട്.......".
8) പ്രാർത്ഥന എന്ന യാഗം - സങ്കീ. 141:2 - "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നതു സന്ധ്യായാഗമായും തീരട്ടെ".

9) പാട്ട്, സ്തുതി, സ്തോത്രം - സങ്കീ. 9:30, 31 - "ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും. അത് യഹോവയ്ക്കു കാളയെക്കാളും കൊമ്പും കുളമ്പുമുള്ള മൂരിയെക്കാളും പ്രസാദകരം".

10) തകർന്ന മനസ്സും നുറുങ്ങിയ ഹൃദയവും - സങ്കീ 51:17 - "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സു; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ, നീ നിരസിക്കയില്ല".

ഒരു പുരോഹിതന്റെ ശുശ്രൂഷയായ മേൽപറഞ്ഞിരിക്കുന്ന എല്ലാ യാഗങ്ങളും സ്ത്രീകളായ നമുക്കും ചെയ്യാവുന്നതാണ്. നമുക്ക് അർപ്പിക്കാവുന്ന അതിപ്രധാനമായ യാഗം നമ്മെത്തന്നെ ദൈവത്തിന് അർപ്പിക്കുക എന്നുള്ളതാണ്. അതായത്, "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമ. 12:1). ഈ വിഷയത്തിൽ തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ച ചില സ്ത്രീകളെപ്പറ്റി തിരുവചന വെളിച്ചത്തിൽ അല്പമായി ചിന്തിക്കാം.

**1) ഹന്ന :**

ഹന്ന എങ്ങനെയാണ് അവളെത്തന്നെ ദൈവത്തിനു സമർപ്പിച്ചത്? ഹന്നയുടെ ഏറ്റവും വലിയ ആഗ്രഹം ഒരു മകനെ ലഭിക്കുക എന്നുള്ളതായിരുന്നു. ഒരു കുഞ്ഞിനെ വേണമെന്നല്ല, ഒരു ആൺകുഞ്ഞിനെത്തന്നെ വേണമെന്നാണ് അവൾ ആഗ്രഹിച്ചത്. മക്കളില്ലാത്ത അമ്മമാരുടെ ആഗ്രഹം ആണോ പെണ്ണോ ഏതായാലും വേണ്ടില്ല ഒരു കുഞ്ഞുവേണം എന്നുള്ളതാണ്. എന്നാൽ ഹന്നാ ഇങ്ങനെ പ്രാർത്ഥിക്കുവാൻ കാരണമെന്ത്?

ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ ജീവിക്കുന്ന ന്യായാധിപന്മാരുടെ കാലം. പുരോഹിതനായ ഏലിയുടെ മക്കൾപോലും വഴിപിഴച്ച ജീവിതം നയിക്കുന്നു. അങ്ങനെയുള്ള ഒരു കാലത്തിനായി ഒരു നല്ല ന്യായാധിപനെ ആവശ്യമായിരുന്നു. ദൈവത്തിന്റെ ഈ ആഗ്രഹം ദൈവഭക്തയായ ഹന്നാ മനസ്സിലാക്കിയിരുന്നു. തനിക്കു ചെയ്യാൻ സാധിക്കാത്തത് തന്റെ മകനിലൂടെ നിറവേറ്റപ്പെടുക, അതായിരുന്നു അവളുടെ ഹൃദയവാഞ്ഛ. അതുകൊണ്ട് തനിക്കു ഒരു പുരുഷസന്താനത്തെ ദൈവം തരുവാൻ പ്രസാദിച്ചാൽ അവനെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും എന്നൊരു നേർച്ചയും നേർന്നു. ഒന്നേ ചോദിച്ചുള്ളൂ അത് ദൈവത്തിനായി സമർപ്പിക്കാൻ. അതിന്റെ അർത്ഥമെന്ത്? അവൾ തന്നെത്തന്നെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമായുള്ള ജീവനുള്ള യാഗമായി സമർപ്പിക്കുകയായിരുന്നില്ലേ? യിസ്രായേലിന്റെ അവസാനത്തെ ന്യായാധിപനായി ശമുവേലിനെ കാണുമ്പോൾ ഇതല്ലേ മനസ്സിലാക്കേണ്ടത്?

**2) മറിയ :**

മറിയ ഒരു സാധാരണ സ്ത്രീ ആയിരുന്നു. എന്നാൽ അവൾ ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടവളായിരുന്നു. ഉത്പത്തി 3:15-ലെ വാഗ്ദത്ത നിവൃത്തിക്കായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൾ. യെരുശലേമിന്റെ വീണ്ടെടുപ്പിനായി കാത്തിരുന്ന (ലൂക്കൊ. 2:38) വനിതകളിൽ ഒരുവളായിരുന്നു അവളെന്നു അവളുടെ സ്തുതിഗീതങ്ങളിൽ നിന്നും അനുമാനിക്കാം. ദൈവം ഏറ്റവും വിലയേറിയതായി കരുതുന്ന അക്ഷയഭൂഷണങ്ങളാണല്ലോ സൗമ്യതയും, വിനയവും, അനുസരണവും (1പത്രൊ. 3:4). അതായിരുന്നു അവളുടെ ആഭരണങ്ങൾ. ഹവ്വായുടെ അനുസരണക്കേടിന്റെ പ്രതിവിധി ദൈവം മറിയയിൽ കണ്ടു. ആയതിനാൽ അവൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. മറിയ സ്വതവേ കൃപ നിറഞ്ഞവളായി ജനിച്ചതല്ല. മറിയയുടെ ഹൃദയത്തിന്റെ ഗൂഢമനുഷ്യന്റെ അക്ഷയഭൂഷണങ്ങൾ കണ്ട് ദൈവം അവളിൽ കൃപ നിറച്ചതാണ്. ആ ദൈവകൃപയാണ് അവളെ ദൈവദൂതൻ പറഞ്ഞ വചനങ്ങൾ വിശ്വസിക്കുവാൻ സഹായിച്ചത്. വ്യവ

സ്ഥയില്ലാത്ത സമർപ്പണം. ചോദ്യമില്ലാത്ത അനുസരണം. "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നാണ് അവൾ ദൂതനോടു പ്രതിവചിച്ചത് (ലൂക്കൊ. 1:38). കന്യകയായ ഒരു പെൺകുട്ടി ഗർഭിണിയായാൽ നേരിടാവുന്ന അപമാനം അവൾക്കു നന്നായി അറിയാമായിരുന്നു. എന്നാൽ അതെല്ലാം സഹിക്കാൻ തയ്യാറായി മറിയ തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുകയായിരുന്നു. ദൈവേഷ്ടം നിറവേറുന്നതിനു വ്യവസ്ഥയും അതിരും കൂടാതെ വിധേയപ്പെട്ടവൾ. അവൾ തന്നെത്തന്നെ ദൈവത്തിനു പ്രസാദമായുള്ള ജീവനുള്ള യാഗമായി സമർപ്പിക്കുകയായിരുന്നു.

**3) ഹന്ന – പ്രവാചകി:**

ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ തന്നെത്തന്നെ ജീവനുള്ള യാഗമായി ദൈവത്തിനു സമർപ്പിക്കുകയായിരുന്നു. ഹന്നാ ചെറുപ്പത്തിൽ തന്നെ വിധവയായി തീർന്ന അവൾക്കു തന്റെ ജീവിതത്തിലുണ്ടായ കഷ്ടങ്ങളെ തരണം ചെയ്യാൻ ധാരാളം കൃപ ലഭിച്ചു. ഹന്നായുടെ ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളെ മാധുര്യമുള്ളതാക്കിത്തീർക്കാൻ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും അവൾക്കു സാധിച്ചു. രാവും പകലും അതിനായി ദൈവസന്നിധിയിൽ ചെലവഴിച്ചു. യഹോവയുടെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ആ ഭാഗ്യാവസ്ഥ അവൾ സ്വായത്തമാക്കി. സാഹചര്യങ്ങൾക്കു അവളെ തോല്പിക്കാൻ കഴിഞ്ഞില്ല. മശിഹാ രാജ്യം സ്ഥാപിക്കാൻ വരും എന്ന പ്രത്യാശയിൽ അവൾ കാത്തിരുന്നു. തന്മൂലം ജീവിതത്തിലെ കഷ്ടതകൾ അവൾ മറന്നു. നമ്മുടെ ദൈവം "താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടുകൂടെ വസിക്കുന്നു" (യെശ. 57:15). ഹന്നായുടെ ഹൃദയവിചാരങ്ങൾ ദൈവം കണ്ടു. അവളെ പ്രവാചകിയാക്കി മാറ്റി. അവളുടെ ആഗ്രഹം സാധിപ്പിച്ചു കൊടുത്തു. യേശുകുഞ്ഞിനെ അവൾ മശിഹയായി തിരിച്ചറിഞ്ഞു. അവനെ നമസ്കരിച്ചു. മശിഹായെക്കുറിച്ചു സാക്ഷ്യം പറഞ്ഞ ആദ്യത്തെ മഹിളാരത്നം എന്ന പദവിയും അവൾക്കുള്ളതാണ്...

പ്രിയ സഹോദരിമാരെ, നമുക്കും ശമുവേലിന്റെ അമ്മ ഹന്നയെപ്പോലെ നമുക്കു ചെയ്യാൻ സാധ്യമല്ലാത്ത കർത്തൃവേല ചെയ്യുവാൻ നമ്മുടെ മക്കളെ കർത്തൃസന്നിധിയിൽ ഏല്പിക്കാം. യേശുവിന്റെ അമ്മ മറിയയെപ്പോലെ നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കാം. അതുമല്ലെങ്കിൽ ഹന്നാ പ്രവാചകിയെപ്പോലെ ജീവിതത്തിൽ നേരിടേണ്ടിവരുന്ന കയ്പേറിയ അനുഭവങ്ങളെ മാധുര്യമുള്ളതാക്കി മാറ്റാൻ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള ജീവനുള്ള യാഗമായി നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കാം. ❑

### Quest -76 -ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
2. എത്സി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
3. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
4. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
5. റബിത ലിവിംഗ്സ്റ്റൺ, പ്ലാമൂട്ടുക്കട, തിരുവനന്തപുരം
6. ഷെർളി പി. എൽ., പാറശ്ശാല, തിരുവനന്തപുരം
7. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
8. സി. എം. മാമ്മൻ, അണുശക്തി നഗർ, മുംബൈ
9. സാറാമ്മ ശശി, കവിയൂർ, പത്തനംതിട്ട
10. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
11. ബിന്ദു സി. എസ്., വഞ്ചിയൂർ, തിരുവനന്തപുരം
12. ജെസ്സി മോൻസൻ, കരിയംപ്ലാവ്, തിരുവല്ല

Quest 76 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

# "നീതിമാനായ ലോത്ത്"

ജോർജ് ജോൺ, തിരുവനന്തപുരം



"മേലാൽ ഭക്തികെട്ടു നടക്കുന്നവർക്ക് ദൃഷ്ടാന്തമാക്കിവെക്കയും അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മപ്രവൃത്തി കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്തു അവരുടെ ദുഷ്കാമപ്രവൃത്തിയാൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ വിടുവിക്കയും ചെയ്തു" (2 പത്രൊ. 2:6-8).

വേദപുസ്തകത്തിൽ ഉത്പത്തി 11 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിലാണ് ലോത്തിനെക്കുറിച്ച് എഴുതിയിരിക്കുന്നത്. ലോത്തും പിതൃസഹോദരനായ അബ്രഹാമും (അബ്രാം) അബ്രഹാമിന്റെ ഭാര്യ സാറയും (സാറായി) അബ്രഹാമിന്റെ പിതാവായ തേരഹിനോടൊപ്പം കല്ദയരുടെ പട്ടണമായ ഊരിൽ നിന്ന് കനാൻദേശത്തേക്ക് പുറപ്പെട്ടതായും എന്നാൽ അവർ മാർഗ്ഗമദ്ധ്യേയുള്ള ഹാരാനിൽ കുറച്ചുനാൾ താമസിച്ചതായും അവിടെ വച്ച് തേരഹ് മരിക്കുകയും അതിനു ശേഷം അബ്രഹാം തന്റെ കൂടെയുള്ളവരോടൊപ്പം കനാൻ നാട്ടിലേക്കുള്ള പ്രയാണം തുടർന്നതായും നാം വായിക്കുന്നു. അവർ കനാനിലെത്തിയശേഷം അവിടെ ഒരു ക്ഷാമമുണ്ടാകയും അബ്രഹാമും സാറയും മിസ്രയീമിലേക്ക് പോവുകയും ചെയ്തപ്പോൾ ലോത്തും അവരോടൊപ്പം ഉണ്ടായിരുന്നു. സ്ഥിതിഗതികൾ അനുകൂലമായപ്പോൾ അവർ തിരികെവന്ന് തെക്കേദേശത്ത് ബേഥേലിനും ഹായിക്കും ഇടയ്ക്കുള്ള സ്ഥലത്ത് കൂടാരമടിച്ച് താമസമുറപ്പിക്കയാണുണ്ടായത്. അബ്രഹാമും ലോത്തും തങ്ങളുടെ പ്രയത്നത്താൽ വളരെ സ്വത്ത് സമ്പാദിക്കയും അതിസമ്പന്നരായിത്തീരുകയും ചെയ്തു. എവിടെ സമ്പത്ത് വർദ്ധിക്കുന്നുവോ അവിടെ കലഹം ഉണ്ടാകുന്നു എന്നുള്ള ആപ്തവാക്യം അന്വർത്ഥമാകുമാറ് അബ്രഹാമിന്റെയും ലോത്തിന്റെയും ഇടയിൽ സ്വരചേർച്ചയില്ലായ്മ ഉണ്ടാകുന്നതിനുള്ള പ്രാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ തന്നെ അബ്രഹാം അത് വേണ്ട രീതിയിൽ കൈകാര്യം ചെയ്തതായി കാണാം. ആടുമാടുകളുടെ എണ്ണം വളരെ വർദ്ധിക്കുകയും തന്മൂലം ജോലിക്കാരുടെ എണ്ണവും ആനുപാതികമായി ഉയരുകയും ചെയ്തതിനാൽ ഇരുകൂട്ടരും ഒരുമിച്ച് തുടരുകയെന്നുള്ളത് അപ്രായോഗികമാണെന്നു മനസ്സിലാക്കിയ അബ്രഹാം തന്നെയാണ് പിരിഞ്ഞുപാർക്കുന്നതിനുള്ള സൂചന നല്കിയത്. ദേശം വളരെ വിസ്തൃതമായി പരന്നു കിടന്നിരുന്നതിനാൽ രണ്ടുകൂട്ടരും രണ്ട് ദിശയിൽ മാറിത്താമസിക്കുക എന്നുള്ളത് വളരെ പ്രയോജനകരമായ ഒരാലോചനയായിരുന്നു. ഇടത്തോട്ടോ വലത്തോട്ടോ എന്നു തീരുമാനിക്കുന്നതിനുള്ള സാവകാശം ഇളയവനായ ലോത്തിന് അബ്രഹാം നല്കിയത് വളരെ അഭിനന്ദനാർഹം തന്നെ. ലോത്ത് തനിക്കു ലഭിച്ച അവസരമുപയോഗിച്ച് നീരോട്ടമുള്ളതും ഫലഭൂയിഷ്ടവുമായ പ്രദേശം തിരഞ്ഞെടുത്തതിൽ യാതൊരു അത്ഭുതത്തിനുമവകാശമില്ല. ആടുമാടുകളുടെ ബാഹുല്യം നിമിത്തം പുതിയ മേച്ചൽപുറങ്ങളിലേക്ക് തന്റെ കൂടാരം മാറ്റി മാറ്റിയടിക്കേണ്ടി വന്നതും തികച്ചും സ്വാഭാവികം തന്നെ. എന്നാൽ അവ്വിധമായ മാറ്റങ്ങൾ സകലവിധ ദുഷ്ടതയുടെയും കേദാരമായിരുന്ന സോദോമിൽ ചെന്നവസാനിച്ചത് നിർഭാഗ്യത്തിന്റെ പാരമ്യം എന്നു തന്നേ പറയാം.

ലോത്തിന്റെ സോദോമിലേക്കുള്ള ചേക്കേറ്റം പടിപടിയായിട്ടാണ് സംഭവിച്ചതെന്നു

കാണാൻ കഴിയും. കൂടുതൽ കൂടുതൽ സൗഭാഗ്യങ്ങൾ ലഭിക്കുന്ന സ്ഥാനങ്ങളിലേക്ക് പടിപടിയായി "കൂടാരം മാറ്റിയടിക്കുന്ന" രീതി ഇന്നും സർവ്വ സാധാരണമാണ്. ഗ്രാമങ്ങൾ വിട്ട് പട്ടണങ്ങളിലേക്കും സ്വദേശത്തുനിന്ന് വിദേശത്തേക്കും, അടുത്തുള്ള വിദേശരാജ്യങ്ങളിൽ നിന്നും അകലെയകലെയുള്ള "അഭിനവ സോദോമുകളി"ലേക്കും ചേക്കേറുന്നതിനുള്ള വ്യഗ്രത വളരെ പ്രകടമാണെന്നു പറയേണ്ടിയിരിക്കുന്നു.

സോദോമിൽ താമസമുറപ്പിച്ച ലോത്തിനെക്കുറിച്ച് ചിലർ പറയുന്ന ഒരാക്ഷേപം, തന്നെക്കാൾ ബഹുസമ്പന്നനായ അബ്രഹാം വെറും കൂടാരത്തിൽ വസിക്കുമ്പോൾ ലോത്ത് അടച്ചുറപ്പുള്ള വീട്ടിൽ താമസിക്കുന്നു എന്നുള്ളതാണ്. ലോത്ത് പ്രായപൂർത്തിയായ പെൺമക്കളുമായി സോദോം പട്ടണത്തിൽ കൂടാരവാസം ചെയ്തിരുന്നെങ്കിൽ അനുഭവം എന്തായിരുന്നേനേം എന്ന് ഊഹിക്കാവുന്നതേയുള്ളു. മറ്റൊരാക്ഷേപം, ലോത്ത് പട്ടണവാതില്ക്കൽ പോയി ഇരിക്കാറുണ്ടായിരുന്നു എന്നുള്ളതാണ്. പഴയകാലത്തെ പട്ടണങ്ങളിൽ പട്ടണവാതിലിനോടു ചേർന്ന് ഒരു വിശാലസ്ഥലം ഉണ്ടായിരുന്നതായും അവിടെ പട്ടണവാസികൾക്ക് പരസ്പരം കാണുന്നതിനും ആശയവിനിമയം നടത്തുന്നതിനും സാധിക്കുമായിരുന്നു എന്നതിനു പുറമേ പൊതുവായ അറിയിപ്പുകളും വിളംബരങ്ങളും പ്രസ്താവിക്കപ്പെടുന്ന സ്ഥലമായി ഉപയോഗിച്ചിരുന്നു എന്നുള്ളതിനും സൂചനകളുണ്ട് (രൂത്ത് 4:1, സങ്കീ. 127:5 (b) മുതലായവ). ലോത്ത് തന്നെ അന്വേഷിച്ചുവന്ന ദൈവദൂതന്മാരെ കണ്ടുമുട്ടിയതും പട്ടണവാതില്ക്കൽ വച്ചായിരുന്നുവല്ലോ.

ലോത്ത് ഒരു അതിഥി സൽകാരപ്രിയനായിരുന്നു. സോദോം പട്ടണവാതില്ക്കൽ വച്ച് കണ്ടുമുട്ടിയ അപരിചിതരെ തന്റെ ഭവനത്തിലേക്കു ക്ഷണിക്കയും നിർബ്ബന്ധിച്ച് തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും ചെയ്തപ്പോൾ അവർ ദൈവദൂതന്മാരാണെന്നുള്ള വസ്തുത ലോത്ത് അറിഞ്ഞിരിക്കാൻ സാധ്യതയില്ല. തദ്ദേശവാസികളല്ലാത്ത ആ അപരിചിതർ സോദോം പട്ടണത്തിലെ വീഥികളിൽ രാപാർക്കാനിടയായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചുള്ള ബോധ്യം കൊണ്ടായിരിക്കണം ലോത്ത് അവരെ സ്വഭവനത്തിലേക്കു ക്ഷണിച്ചത്. എന്നാൽ ലോത്തിന്റെ അടച്ചുറപ്പുള്ള ഭവനത്തിൽപോലും അവർ സുരക്ഷിതരല്ലാത്ത അവസ്ഥ വരികയും അവരെ രക്ഷിക്കുന്നതിനുവേണ്ടി ലോത്ത് വിവാഹപ്രായമെത്തിയ തന്റെ രണ്ടുപെൺമക്കളെ സോദോമിലെ കശ്മലന്മാർക്ക് പിച്ചിച്ചീന്തുന്നതിനുവേണ്ടി വിട്ടുകൊടുക്കാൻ തയ്യാറാവുകയും ചെയ്തു. അതിഥികൾക്ക് തന്റെ ഭവനത്തിൽ വച്ച് യാതൊരു ഹാനിയും സംഭവിക്കരുതെന്നുള്ള ചിന്തയിൽ തന്റെ വാത്സല്യനിധികളായ പെൺമക്കളെ ബലികഴിക്കാൻ തയ്യാറായ ലോത്തിന്റെ നീതിബോധം എത്രകണ്ട് പ്രശംസിച്ചാലും മതിയാവുകയില്ല. "സഹോദരന്മാരെ, ഇങ്ങനെ ദോഷം ചെയ്യരുതേ.... ഈ പുരുഷന്മാരോടുമാത്രം ഒന്നും ചെയ്യരുതേ. ഇതിനായിട്ടല്ലോ അവർ എന്റെ വീട്ടിന്റെ നിഴലിൽ വന്നത്" എന്നുള്ള വാക്കുകൾ ശ്രദ്ധിക്കുക. എന്നാൽ മറുപടിയായി "ഇവനൊരുത്തൻ പരദേശിയായി വന്നു പാർക്കുന്നു. ഇപ്പോൾ ന്യായം വിധിക്കാനും ഭാവിക്കുന്നു" എന്നു പറഞ്ഞു അവർ ലോത്തിന്റെ വാക്കുകളെ തൃണവൽഗണിക്കുകയാണ് ചെയ്തത്. " ഇങ്ങനെ ദോഷം ചെയ്യരുതേ" എന്നു പറഞ്ഞതിന്റെ മറുപടിയായിട്ടാണ് പരദേശിയായ ലോത്ത് അവരെ ന്യായം വിധിക്കാൻ ഭാവിക്കുന്നു എന്നു കുറ്റപ്പെടുത്തിയത്. ലോത്തിന്റെ അതിഥികൾ അഭൗമികശക്തിയുള്ള ദൈവദൂതന്മാർ ആയിരുന്നതുകൊണ്ടാണ് ലോത്തിനും കുടുംബത്തിനും സോദോമിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചത്. തന്റെ ഭാവിമരുമക്കളെകൂടെ സോദോമിന്റെ നാശത്തിൽ നിന്നും രക്ഷിക്കാൻ ലോത്ത് ഒരു വിഫലശ്രമം നടത്തിയതായും നാം വായിക്കുന്നു.

ആ രാത്രിയിൽ ലോത്ത് വല്ലാത്ത ഒരു പ്രതിസന്ധിയിലായിരുന്നു. ഒരു വശത്ത് താൻ ഇതഃപര്യന്തം പരിശ്രമിച്ചു സമ്പാദിച്ച വസ്തുവകകൾ, താൻ കെട്ടിപ്പൊക്കിയ ഭവനം, തന്റെ ഭാവിമരുമക്കൾ ഉൾപ്പെടെയുള്ള പരിചയക്കാർ

*ശേഷം 21-ാം പേജിൽ*

# കൃപ ലഭിച്ചവൾ

സാറാമ്മ ശശി, കവിയൂർ



യേശുക്രിസ്തുവിന്റെ വംശാവലിയെക്കുറിച്ച് മത്തായി സുവിശേഷം 1-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുമ്പോൾ താമാർ, രാഹാബ്, രൂത്ത്, ഊരിയാവിന്റെ ഭാര്യ (ബേത്ത്ശേബ), മറിയ എന്നീ 5 സഹോദരിമാരെക്കുറിച്ച് കാണുന്നു. അവരിൽ 4 പേരും വ്യത്യസ്തമായ സാഹചര്യങ്ങളിലുള്ളവരായിരുന്നു. താമാറിന്റെ പശ്ചാത്തലം ഉത്പ. 38 ലും രാഹാബിനെപ്പറ്റി യോശുവ 2 ലും, രൂത്തിനെക്കുറിച്ച് രൂത്തിന്റെ പുസ്തകത്തിലും, ഊരിയാവിന്റെ ഭാര്യയെ സംബന്ധിച്ച് 2 ശമുവേൽ 11-ാം അദ്ധ്യായത്തിലും വ്യക്തമാണ്. എന്നാൽ മറിയയെപ്പറ്റി കൂടുതലൊന്നും മനസ്സിലാക്കുവാൻ സാധിക്കുന്നില്ലായെങ്കിലും 'നസറെത്തുകാരനായ ഹേലിയുടെ മകൾ എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു". ലൂക്കൊ. 1:26 ൽ ഗലീലപട്ടണത്തിൽ യോസഫ് എന്ന പുരുഷനു വിവാഹനിശ്ചയം കഴിഞ്ഞ കന്യക എന്നാണ് അറിയപ്പെടുന്നത്. ഉത്പ:3:16, യെശ. 7:14 ഈ ഭാഗങ്ങളിലെ പ്രവചന നിവൃത്തിയാണ് മത്താ. 1:22, ലൂക്കൊ. 1:26-36 എന്നീ ഭാഗങ്ങളിൽ വ്യക്തമാക്കുന്നത്.

മറിയ എന്ന വാക്കിന് കയ്പ്പുള്ളത്, ദുഃഖമുള്ളത് എന്നാണ് അർത്ഥമാക്കുന്നത്. പുതിയ നിയമത്തിൽ ഈ പേര് 51 പ്രാവശ്യമുണ്ട്. അത് 6 മറിയമാരുടെ പേരിലാണ്.

1. കർത്താവിന്റെ അമ്മ മറിയ (മത്താ. 1:16, ലൂക്കൊ. 1:37)
2. മഗ്ദലക്കാരത്തി മറിയ (മത്താ. 27:56)
3. യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയ (മറ്റെ മറിയ) (മത്താ. 27:56, മർക്കൊ. 15:40)
4. ബെഥാന്യയിലെ മറിയ - ലൂക്കൊ. 10:39, യോഹ 11:46)
5. മർക്കൊസിന്റെ അമ്മ മറിയ. ( അപ്പൊ. 12:12)
6. റോമിലെ മറിയ (റോമ 16:6) എന്നിവരാണ്.

ഇതര ക്രിസ്ത്യാനികൾ കർത്താവിന്റെ അമ്മ മറിയയ്ക്ക് ദൈവത്തോട് സമത്വവും ദൈവമാതാവും മദ്ധ്യസ്ഥയുമായി അംഗീകരിച്ചിരിക്കുമ്പോൾ 1 തിമൊ. 2:5,6 ൽ 'ദൈവം ഒരുവനല്ലോ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ. അതേ യേശുക്രിസ്തുവാണ് ഏകമദ്ധ്യസ്ഥൻ.

സ്ത്രീയുടെ സന്തതിയായി ഒരു രക്ഷകൻ ജനിക്കുമെന്നുള്ള (ഉത്പ. 1:15, യെശ. 7:14) വാഗ്ദത്തനിവൃത്തിക്കായി യെഹൂദയിൽ അനേക പെൺകുട്ടികൾ കന്യകമാരായി തങ്ങളെ തന്നെ പവിത്രതയിൽ കാത്തുസൂക്ഷിച്ച് ജീവിച്ചിരുന്ന കാലഘട്ടത്തിൽ ആ പദവി ലഭിച്ചത് ഈ മറിയയ്ക്കായിരുന്നു. ലൂക്കൊ. 1:28 "കൃപലഭിച്ചവളേ" നിനക്കു വന്ദനം. നിനക്കു വന്ദനമെന്ന് അഭിസംബോധന ചെയ്ത് കർത്താവ് നിന്നോടു കൂടെയുണ്ട് എന്നു പറഞ്ഞ് ധൈര്യപ്പെടുത്തി ദൈവിക അരുളപ്പാടുകൾ അറിയിക്കുന്നു. അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ദൈവമക്കളായിതീർന്നവരെല്ലാം കൃപ ലഭിച്ചവരാണ്. എഫെ. 2:8, റോമ. 6:1 ഈ കൃപ ലഭിച്ചതായ വ്യക്തിയിലുള്ള ചില ഗുണങ്ങളും അവർക്കുള്ള പദവിയും ഈ സഹോദരിയിലൂടെ നമുക്കു ദർശിക്കാം.


ദൈവിക അരുളപ്പാട് കേട്ടപ്പോൾ യുക്തിക്ക് നിരക്കാത്തതാണെങ്കിലും വളരെ പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിവരുമെന്ന റിഞ്ഞിട്ടും തന്നെ അതിനായി വിധേയപ്പെടുത്തി വളരെ താഴ്മയുള്ളവളായി വിനയത്തോടെ "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞ് സ്വയം ഏല്പിച്ചുകൊടുത്തു ലൂക്കൊ. 1:38. "വേദപുസ്തകാടിസ്ഥാനത്തിലുള്ള ക്രമീകരണങ്ങൾക്കായി തങ്ങളുടെ അവകാശങ്ങൾ വ്യക്തിക്കോ സമൂഹത്തിനോ വേണ്ടി ത്യജിക്കുവാനുള്ള മനോഭാവമാണ് വിധേയത്വം". അതാണ് ഈ സഹോദരിയിൽ പ്രകടമായത് ഒരു പ്രത്യേക ഉദ്യമത്തിനായ സ്വയം ത്യജിച്ച് സമർപ്പിച്ചു. തനിക്ക് ലോകാപവാദം ഉണ്ടാകും എന്നറിഞ്ഞിട്ടും ദൈവനാമമഹത്ത്വത്തിനായി ഏല്പിച്ചു കൊടുത്തതിനാൽ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ, കൃപലഭിച്ചവൾ, കർത്താവിന്റെ മാതാവ്, ഭാഗ്യവതി എന്നീ പദവികൾ ലഭിച്ചു. ലൂക്കൊ. 1:42-45. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ച് ദൈവമക്കൾ ആയിത്തീർന്നവരെയെല്ലാം (യോഹ. 1:12) സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കയാണ് എഫെ. 1:3. എന്നാൽ ചിലർക്ക് പ്രത്യേക അനുഗ്രഹങ്ങൾ ലഭിക്കുന്നതായി വചനത്തിലുണ്ട്. അതിനുകാരണം ദൈവിക സ്നേഹത്തിന്റെ അനുസരണത്തിന്റെയും, വിശ്വസ്തതയുടെയും അടിസ്ഥാനത്തിലാണ് അതിനായി നമുക്കും പ്രയത്നിക്കാം.

കൃപലഭിച്ചതായ മറിയ ശക്തിയും ധൈര്യവും ആനന്ദവുമുള്ളവളായി പറയുന്ന വാക്കുകൾ ലൂക്കൊ. 1:46 മുതലുള്ള വാക്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. വിശ്വസിച്ചവൾ ഭാഗ്യവതി എന്ന പദവിയിലെത്തിച്ചേരുകയും (ലൂക്കൊ. 1:45) ചെയ്തു. അനേക ഭാഗ്യവചനങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട്. എന്നാൽ സങ്കീ. 32:1 "ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ" എന്നുള്ളതാണ് ഒരു ദൈവപൈതലിന്റെ ഭാഗ്യവസ്ഥ. അത് അനുഭവമാക്കുവാൻ നാം യോഹ. 1:12 ൽ പറയുന്ന പ്രകാരം അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ സാധിക്കും. അതിനായി റോമർ 10:9-ൽ 'യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറഞ്ഞ് ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചുവെന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും വേണം." "വിശുദ്ധ അഗസ്റ്റിൻ" എന്ന സഭാപിതാവ് മറിയയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അവളുടെ ഉദരത്തിൽ യേശു ഉരുവാകുന്നതിനുമുമ്പ് ഹൃദയത്തിൽ വിശ്വാസത്താൽ ക്രിസ്തു ഉരുവായിരുന്നു എന്നാണ്. ഉദരത്തിലുള്ള ശിശു രക്ഷിതാവും കർത്താവും എന്ന് അംഗീകരിക്കുകയും അതിൽ ഉല്ലസിക്കയും ദൈവത്തിന് മഹത്ത്വം കൊടുക്കയും ചെയ്യുന്നു ലൂക്കൊ. 1:45-30.

ഒരു ഉത്തമ മാതാവ് എന്ന നിലയിൽ കരുതലിലും ആത്മനിയന്ത്രണത്തിലും യേശുവിനെ വളർത്തുവാൻ കൃപ ലഭിച്ചവളായിരുന്നു മറിയ, കൂടാതെ പ്രാർത്ഥനാ ജീവിതത്തിലും ഇവൾ വിശ്വസ്തയായിരുന്നു. അപ്പൊ. 1:14-ൽ കർത്താവിന്റെ ശിഷ്യന്മാരുമായി ചേർന്ന് ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചതായി കാണുന്നു. തത്ഫലമായി ലോകരക്ഷിതാവായി തന്റെ ഉദരത്തിലൂടെ ജന്മം നല്കിയ (അവതരിച്ച) മകന്റെ ക്രൂശ് മരണം വരെ തന്നെ അനുഗമിക്കുവാനും അതിനെ തരണം ചെയ്യുവാനും സാക്ഷ്യം വഹിപ്പാനുമുള്ള അസാധാരണമായ കൃപ ലഭിച്ചവളായി മാതൃകാപരമായി തുടരുവാൻ സാധിച്ചു. ഇപ്രകാരം സമർപ്പണവും വിധേയത്വവും ഉള്ളവർക്കു മാത്രമെ ജീവിതത്തിൽ കൃപ ലഭിച്ചവരായി പതറാതെ വിശ്വാസത്തിൽ നിലനില്ക്കുവാൻ സാധിക്കയുള്ളൂ. അതിനായി നമുക്കും പ്രാർത്ഥിക്കാം. പ്രയത്നിക്കാം. സർവ്വശക്തൻ നമ്മെ സഹായിക്കുമാറാകട്ടെ.

❑

# ഒരു വ്യത്യാസവുമില്ല എല്ലാവരും



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

അറേബ്യൻ ഗൾഫിലെ ദുബായ് എന്ന നഗരം വളരെ പ്രസിദ്ധമാണ്. ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കുകയും ചില പ്രത്യേക മീറ്റിംഗുകളിൽ പ്രസംഗിക്കുകയും ചെയ്യുവാനിടയായ കൂട്ടത്തിലാണ് ഞാൻ ദുബായിൽ എത്തിയത്. അന്നത്തെ ഇൻഡ്യൻ കോൺസുൽ ജനറലായിരുന്ന ശ്രീ. വെങ്കിട്ടരാമൻ എന്ന ദേഹം എന്റെ ഒരു പൂർവ്വകാല സുഹൃത്തായിരുന്നു. അദ്ദേഹം കൽക്കത്തയിൽ മിലിട്ടറി സർവ്വീസിൽ ഒരു ക്യാപ്റ്റന്റെ പദവിയിൽ സേവനമനുഷ്ഠിക്കുമ്പോഴാണ് ഞാൻ പരിചയപ്പെടുന്നത്. ഗൾഫുരാജ്യങ്ങളിലെ ജയിലുകൾ വിദേശ സന്ദർശകരെ കാണിക്കാൻ നിയമമില്ല. കോൺസുൽ ജനറൽ ഒരു പ്രത്യേക പോംവഴി ഉണ്ടാക്കിത്തന്നു.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

ആവശ്യമായ ഔദ്യോഗിക രേഖകളില്ലാത്ത ഇരുന്നൂറോളം ഇൻഡ്യക്കാരെ അന്ന് ദുബായ് ജയിലിൽ ഇട്ടിട്ടുണ്ടായിരുന്നു. അവരെ കാണാനെന്ന ന്യായത്തിൽ എനിക്ക് ജയിലിനുള്ളിൽ പ്രവേശിക്കുവാൻ അനുവാദം കിട്ടി. കോൺസുൽ ജനറലും ഞാനും കൂടിയാണ് പോയത്. ഇൻഡ്യാക്കാരുടെ കൂട്ടത്തിൽ ചിലർ മലയാളികളായിരുന്നു. എന്നെ കണ്ടിട്ട് മലയാളിയാണെന്ന് മനസ്സിലായ ഒരാൾ വിളിച്ചു പറഞ്ഞു, "ഞാനൊരു മലയാളിയാണേ... എങ്ങനെയെങ്കിലും ഇവിടെ നിന്നൊന്ന് രക്ഷിക്കണേ..." ജയിൽ കാണുവാനും തടവുകാരെ കാണുവാനുമല്ലാതെ അവരോടൊന്ന് സംസാരിക്കുവാൻ എനിക്കനുവാദം ഇല്ലായിരുന്നു. അതുപോലെ തന്നെ ജയിലിൽ കാണുന്ന യാതൊരു കാര്യങ്ങളും, പുറത്തുപോയാൽ വെളിപ്പെടുത്തുവാൻ എനിക്ക് സ്വാതന്ത്ര്യമില്ല എന്നു ഞാൻ എഴുതി ഒപ്പിട്ടു കൊടുക്കേണ്ടി വന്നു. ഒരു പത്രത്തിന്റെ എഡിറ്റർ എന്ന് പാസ്പോർട്ടിൽ എഴുതിയിരുന്നതിനാലാണ് ഈ നിയന്ത്രണം ഉണ്ടായത്. ജയിലെല്ലാം ഉദ്യോഗസ്ഥന്മാർ എന്നെ കാണിച്ചു. നിശബ്ദമായി ഞാനതെല്ലാം കണ്ടു. കണ്ടത് എഴുതുവാനാവില്ലല്ലോ. ഗൾഫുരാജ്യങ്ങളിലെയെല്ലാം ജയിലുകളുടെ ഒരു സാമ്പിൾ എന്നപോലെ ദുബായ് ജയിലിനെ കണക്കാക്കാം എന്ന് മറ്റ് ചില ജയിലുകൾകൂടി സന്ദർശിച്ചപ്പോൾ എനിക്കു മനസ്സിലായി.

കണ്ണിനു കണ്ണ്, ചെവിക്കു ചെവി, മോഷ്ടിച്ചാൽ കൈ വെട്ടുക, ബലാത്സംഗക്കാരനെ വെട്ടിക്കൊല്ലുക, പരസ്യമായി ശിക്ഷിക്കുക, മുക്കാലിയിൽ കെട്ടി അടിക്കുക തുടങ്ങി കഠിന ശിക്ഷകൾ നിലവിലുണ്ടായിട്ടും ജയിലിൽ ധാരാളം ആളുകളുണ്ട്. ശിക്ഷ മനുഷ്യനെ ഒരളവിൽ ഭയപ്പെടുത്തുന്നു എന്നല്ലാതെ നല്ലവനാക്കുന്നില്ല. പാപം ചെയ്യുവാനുള്ള വാസന മനുഷ്യസഹജമാണ്. അതിൽ നിന്നും ആരും സ്വതന്ത്രനല്ല. മനുഷ്യന്റെ ഉള്ളിലുള്ള ദൈവഭയം, സമൂഹത്തോടുള്ള ഭയം, ഭാവിയെക്കുറിച്ചുള്ള ഭയം, ശിക്ഷയെക്കുറിച്ചുള്ള ഭയം, നിയമത്തെക്കുറിച്ചുള്ള ഭയം എന്നീ ഭയങ്ങളാണ് കുറെയൊക്കെ മനുഷ്യനെ സന്മാർഗ്ഗികളായി നിർത്തിയിരിക്കുന്നത്.

കാനഡായിലെ പ്രിസൺ ഫെലോഷിപ്പ് ഡയറക്ടർ ഡേവിഡ് ഫാരൻ എന്റെ ഒരു സ്നേഹിതനാണ്. അദ്ദേഹത്തിന്റെ ടൊറന്റോ

യിലുള്ള ആഫീസിൽ ഞങ്ങൾ ഒരു കോൺഫറൻസിലിരിക്കുമ്പോൾ കോടീശ്വരനായ ഒരു യൗവ്വനക്കാരന്റെ ഫോൺസന്ദേശം വന്നു. ഭാര്യയെ വെടിവെച്ചുകൊന്ന ശേഷം ജയിലിൽ വന്നിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെയോ ധനത്തിന്റെയോ മറ്റ് സൗകര്യങ്ങളുടെയോ കുറവല്ല അവനെ കുറ്റക്കാരനാക്കിയത്. ആ ചെറുപ്പക്കാരനെ ടൊറന്റോ ജയിലിൽ പോയി കാണുവാൻ എനിക്കു കഴിഞ്ഞു. എല്ലാവർക്കും ചെയ്യുവാൻ ജോലിയുള്ള നാടാണത്. ജോലി ഇല്ലെങ്കിൽ പ്രത്യേക അലവൻസ് നല്കുന്ന രാജ്യം. അവസരം വളരെയുണ്ടവിടെ. തെരഞ്ഞെടുക്കേണ്ട ആവശ്യമേയുള്ളൂ. സ്ഥിതി വിവരക്കണക്കനുസരിച്ച് 400 പേരിലൊരാൾ ജയിലിൽ വരുന്നുണ്ട്.

യൂറോപ്യൻ രാജ്യങ്ങളിൽ സാമ്പത്തികമായി വളരെ ശേഷിയുള്ള രാജ്യമാണല്ലോ ജർമ്മനി. പശ്ചിമ ജർമ്മനിയിൽ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ചുവരുകയാണ്. ജയിലുകളിൽ സ്ഥലം മതിയാകാതെ വന്നിട്ട് താത്കാലിക ജയിലുകൾ ഉണ്ടാക്കേണ്ടി വന്നിട്ടുണ്ടെന്ന് അവിടത്തെ ഒരു പ്രിസൺ ഷെറീഫ് എന്നോടു പറയുകയുണ്ടായി. ദരിദ്രരാജ്യങ്ങളിൽ മാത്രമാണ് പോലീസും ജയിലും എന്നു വിചാരിക്കുന്നവരുണ്ട്. ഇല്ലായ്മ അല്ല മനുഷ്യനെ കുറ്റം ചെയ്യിക്കുന്നത്. ജർമ്മനിയിലെ ജയിലിലാണ് ജനസംഖ്യാനുപാതമനുസരിച്ച് കൂടുതൽ സ്ത്രീകളെ ഞാൻ കണ്ടിട്ടുള്ളത്.

ഒരിക്കൽ റഷ്യയിലെ താഷ്ക്കെന്റ് വിമാനത്താവളത്തിൽ ആറ് മണിക്കൂർ കഴിയേണ്ടി വന്നു. വിമാനത്തിന്റെ ചില ചില്ലറ റിപ്പയറിംഗ് ആയിരുന്നു കാരണം. അവിടെ ഇറങ്ങുവാൻ എനിക്ക് വിസ ഇല്ലായിരുന്നു. നാലുമണിക്കൂറെങ്കിലും ചുറ്റുപാടും ടാക്സിയിൽ ഒന്നു കറങ്ങി സ്ഥലം കാണണമെന്നുണ്ടിയിരുന്നു. പക്ഷേ, ഞങ്ങളെ അനുവദിച്ചില്ല. എയർപോർട്ടു ലോഞ്ചിലും ലോബിയിലുമായി കഴിയേണ്ടി വന്നു. അവിടുത്തെ ജയിലുകളെക്കുറിച്ച് ചില വിവരങ്ങൾ ശേഖരിക്കണമെന്നുണ്ടായിരുന്നു. സുവനീർ കടകളിലിരിക്കുന്നവർ മാത്രം അല്പം ഇംഗ്ലീഷ് സംസാരിക്കുമായിരുന്നു. വിദേശികളെ പ്രത്യേകം ശ്രദ്ധിക്കുവാൻ വോക്കി ടോക്കി മെഷീനുകളുമായി സഞ്ചരിക്കുന്ന പോലീസുദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ധൈര്യം അവലംബിച്ച് ഞാനൊരു ചെറുപ്പക്കാരനായ ഉദ്യോഗസ്ഥനെ സമീപിച്ചു. ഒന്നിച്ച് ഒരു കാപ്പി കുടിക്കുവാൻ ക്ഷണിച്ചിട്ട് അദ്ദേഹം വന്നില്ല. സംശയമോ ഭയമോ എന്തോ അദ്ദേഹം പോക്കറ്റിൽ നിന്നും രണ്ടു ച്യൂയിംഗം എനിക്കു വച്ചുനീട്ടി. ഞാനതു വാങ്ങിയെങ്കിലും ഉപയോഗിച്ചില്ല. പിന്നീട് ദൂരെ കളഞ്ഞു. ജയിലുകളെക്കുറിച്ച് ഞാൻ ചില കാര്യങ്ങൾ ചോദിച്ചു. അതൊന്നും പറയുവാൻ അനുവാദമില്ല. ജയിലിൽ നിറയെ ആളുകളുണ്ട് എന്നുമാത്രം പറഞ്ഞു. ഒന്നു പുഞ്ചിരിച്ചു. അദ്ദേഹത്തിന്റെ വോക്കി ടോക്കിയിലൂടെ എന്തോ ചില ശബ്ദങ്ങളെല്ലാം കേട്ടു. അതിനു മറുപടിയും പറയുന്നുണ്ടായിരുന്നു. Best of luck നല്ലതു വരട്ടെ എന്ന് പറഞ്ഞ് അദ്ദേഹം എന്നെ തഴഞ്ഞിട്ട് നടന്നു നീങ്ങി. വാഷിംഗ്ടണിൽവച്ച് പ്രസിഡന്റ് നിക്സന്റെ പീക്കിംഗ് സന്ദർശനം വീഡിയോ കാസറ്റിൽ ടി. വി. യിൽ കാണുവാനിടയായി. ചില പോലീസുകാർ 3-4 പേരെ കൈയ്ക്കു വിലങ്ങുവച്ച് കൊണ്ടുപോകുന്നത് ഞാൻ കണ്ടു. ജയിലിലേക്കായിരിക്കുമല്ലോ എന്നു ഞാനോർത്തു. റഷ്യയിലും ചൈനയിലുമെല്ലാം കനകമാണ്, തേനാണ് എന്ന് വീമ്പിളക്കുന്ന ചിലരെ ഞാനോർത്തു. സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് എന്നോ പീപ്പിൾസ് റിപ്പബ്ലിക്ക് എന്നോ പേരു വന്നതുകൊണ്ട് മനുഷ്യന് മാറ്റം വരുന്നില്ലല്ലോ എന്നും ഞാനോർത്തു.

ഇലക്ട്രോണിക് വ്യവസായം കുടിൽ വ്യവസായമാക്കി മാറ്റിയ ജപ്പാനിലെ ഒസാക്കയിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്ത 14 ചെറുപ്പക്കാരെ പോലീസ് അറസ്റ്റു ചെയ്ത് 15 ദിവസം ശിക്ഷിച്ച് ജയിലിൽ കൊണ്ടുവന്നപ്പോൾ ജയിലിൽ സ്ഥലമില്ലായിരുന്നു. പത്രവാർത്തയാണിത്. ലണ്ടൻ പട്ടണത്തിലെ ഹൈഡ് പാർക്കിൽ ഒരിക്കൽ പ്രസംഗിക്കുവാൻ ഒരവസരം കിട്ടി.

പ്രസംഗം പകുതിയായപ്പോൾ ഒരു കൂട്ടം ചെറുപ്പക്കാർ വന്ന് അലങ്കോലപ്പെടുത്തി. "നിങ്ങളുടെ രാജ്യത്ത് പാപികളില്ലേ, എന്തിനാണ് ഇവിടെ വന്നത്. ഞങ്ങളെല്ലാം ക്രിസ്ത്യാനികളാണ്" എന്നു പറഞ്ഞു. ലണ്ടൻ പട്ടണത്തിലുള്ള മൂന്ന് ജയിലുകൾ സന്ദർശിച്ചതും ജയിലിൽ നിറയെ ആളുകളുണ്ടല്ലോ, എന്താ ക്രൈസ്തവ രാജ്യത്ത് ഇങ്ങനെ എന്ന് പറയേണ്ടിവന്നു. അവർ please go ahead (തുടർന്ന് പ്രസംഗിച്ചോ) എന്ന് പറഞ്ഞിട്ടു പോയി.

ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു, ദൈവതേജസ്സില്ലാത്തവരായി ത്തീർന്നു എന്ന് റോമാ ലേഖനത്തിൽ പൗലൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം മനുഷ്യനെ നോക്കിയപ്പോൾ നീതിമാനായും വിശുദ്ധനായും ആരെയും കണ്ടില്ല. ഒരുത്തനെയും കണ്ടില്ല. മനുഷ്യന്റെ ചിത്രമാണിത്. സ്നേഹിതാ, അതിൽ നീയും ഉൾപ്പെട്ടിരിക്കുന്നു. പാപത്തിന് ശിക്ഷയുണ്ട്. എന്നാൽ ക്രിസ്തുവിലെ വിശ്വാസം നിന്നെ രക്ഷിക്കും. നീതിമാനാക്കും, വിശുദ്ധനാക്കും. ഇപ്പോൾത്തന്നെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറയുക. ക്രിസ്തുവിന്റെ ബലിമരണത്തിൽ നിന്റെ പാപം പരിഹരിക്കപ്പെട്ടിരിക്കുന്നു. പാപത്തിന് മോചനം ലഭിച്ച ദൈവമക്കളാകുന്നു നിങ്ങൾ എങ്കിൽ പാപമോചനം എന്താണെന്നും രക്ഷയുടെ സന്ദേശം അറിയിക്കുവാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കും ഉണ്ട് എന്ന് ഞാൻ ഓർമ്മിപ്പിക്കട്ടെ. അതാണ് സുവിശേഷ വേല. നിങ്ങളാൽ കഴിയുന്നത് ചെയ്യുമോ? യേശുവിന് നിന്നെ ആവശ്യമുണ്ട്.

❑

---

***16-ാം പേജിൽ നിന്നും തുടർച്ച ("നീതിമാനായ ലോത്ത്")***

എന്നിവയെ വിട്ടുപിരിയുന്നതിനുള്ള വൈമനസ്യവും, മറുവശത്ത് ഒരുനിമിഷംപോലും പാഴാക്കാതെ സോദോമിൽ നിന്നും പലായനം ചെയ്യുന്നതിന് തന്റെ വിശിഷ്ടാതിഥികളിൽ നിന്നുള്ള സമ്മർദ്ദവും കൂടി ലോത്തിനെ ഒരു വൈതരണിയിലെത്തിച്ചിരിക്കണം. ദൈവദൂതന്മാരായ അതിഥികൾ പറയുന്നത് ഒരുപക്ഷേ അല്പം അതിശയോക്തിയാണെന്നും ഉടനേ ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്നും ലോത്തിന്റെ പ്രിയപത്നി ലോത്തിനെ ഉപദേശിച്ചിരിക്കാനിടയുണ്ട്. ദൂതന്മാരുടെ നിർദ്ദേശങ്ങൾ അനുസരിക്കുന്നതിന് ലോത്ത് അമാന്തിച്ചപ്പോൾ ലോത്തിനെയും കുടുംബാംഗങ്ങളെയും കൈയ്ക്കുപിടിച്ചിറക്കികൊണ്ടുപോയതായി നാം വായിക്കുന്നു. കാരണം, ലോത്തും കൂടെയുള്ളവരും ഒരു സുരക്ഷിതസ്ഥാനത്തെത്തിച്ചേരുന്നതുവരെ സോദോമിന്റെ നശീകരണ പ്രക്രിയ ആരംഭിക്കാൻ ദൈവം നാശദൂതനെ അനുവദിച്ചിരുന്നില്ല. ദൈവം അബ്രഹാമിനെ ഓർത്ത് ലോത്തിനെ ഉന്മൂലനാശത്തിൽ നിന്നും വിടുവിച്ചു.

തികച്ചും നിർഭാഗ്യകരമായ ചില അനുഭവങ്ങളിൽ കൂടെയാണ് ലോത്തിന് തദനന്തരം കടന്നുപോകേണ്ടതായിവന്നത്. ലോത്ത് തന്റെ ചുറ്റുപാടുകളുടെ ഒരു ഇരയായി (A Victim of Circumstances) ത്തീർന്നു. എന്നാൽ "നീതിമാനായ ലോത്തിന്" തന്റെ നീതിപ്രവൃത്തികൾകൊണ്ട് മേല്പറഞ്ഞ അനുഭവങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധിച്ചില്ലെന്നുള്ളത് തികച്ചും ശ്രദ്ധേയമാണ്. ലോത്ത് എത്രതന്നെ നീതിമാനായിരുന്നെങ്കിലും ദൈവസന്നിധിയിൽ നിന്നുണ്ടായ അകൽച്ച മൂലമാണ് തന്റെ ജീവിതകഥ ശോകപര്യവസായിയായി തീർന്നതെന്നുള്ളതിൽ യാതൊരു സന്ദേഹത്തിനും അവകാശമില്ല. നമ്മൾ എത്ര നീതിനിഷ്ഠയുള്ളവരായിരുന്നാലും, എത്രമാത്രം ഉത്തമവും മാതൃകാപരവുമായ ജീവിതം നയിക്കുന്നവരായിരുന്നാലും ആത്മീയമായ പിൻമാറ്റത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം ഒരിക്കലും ശുഭപര്യവസായിയായിത്തീരുകയില്ലെന്നുള്ള പരമസത്യമാണ് ലോത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്.

❑

# കുടുംബം എന്ന പ്രതിഭാസം

ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ



**പ്രശ്നങ്ങളുടെ ആരംഭം**

ആദ്യദമ്പതികൾ ഏദെൻ തോട്ടത്തിൽ വളരെ സന്തുഷ്ടകരവും സംതൃപ്തിയോടു മുള്ള കുടുംബജീവിതമാണ് നയിച്ചുകൊണ്ടി രുന്നത്. എന്നാൽ പാപം മനുഷ്യഹൃദയങ്ങളി ലേക്ക് കടന്നു വന്നപ്പോഴാണ് അവർ ശാപ ത്തിൻ കീഴായതും തമ്മിൽ കുറ്റം കണ്ടുപിടി ക്കുവാനും അന്യോന്യം നിയന്ത്രിക്കുവാനും അടിച്ചമർത്തുവാനും എല്ലാം തുടങ്ങിയത് (ഉ ത്പത്തി 3:1-19). ആദിയിൽ ദൈവം അവർക്ക് രണ്ടുപേർക്കും കൂടി ഒരുപേരും (ആദം) പര പൂരകങ്ങളായ (Complementary) സ്ഥാനവും ഉത്തരവാദിത്തങ്ങളും കൊടുത്തു. എന്നാൽ അവർ താമസിച്ചിരുന്ന പരിസ്ഥിതി പാപം നിറ ഞ്ഞതും അവരുടെ തന്നെ പാപത്താൽ മലീമ സമായിത്തീരുകയും ചെയ്തപ്പോൾ അവരുടെ ഹൃദയവും ചിന്താമണ്ഡലവും ആഗ്രഹങ്ങളും ഇഷ്ടാനുഷ്ടാനങ്ങളുമെല്ലാം പാപം നിറഞ്ഞ തായി തീരുകയും ചെയ്തു.

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

അങ്ങനെ ദമ്പതികൾ സ്വയത്തിനും ജഡത്തിനും പാപം നിറഞ്ഞ ചിന്താസര ണിക്കും അധീനരായിത്തീർന്നതിനാൽ അവ രുടെ അന്യോന്യമുള്ള ബന്ധത്തെയും പ്രതീ ക്ഷകളെയും ഇതെല്ലാം ബാധിക്കയും തദ്വാരാ ബന്ധങ്ങളിലും ആശയ വിനിമയങ്ങളിലും ഇടർച്ചകളും വിള്ളലുകളും വന്നുചേരുകയും ഇവയുടെ അതിപ്രസരം പോരാട്ടത്തിലേക്കും ഏറ്റുമുട്ടലുകളിലേക്കും എത്തിച്ചേരുകയും ചെയ്യുന്നു. അങ്ങനെയാണ് കുടുംബങ്ങളിൽ വാഗ്വാദം, മത്സരം, സംശയം, അവിശ്വാസം, യുക്തിരഹിതമായ അമിതപ്രതീക്ഷകൾ, ആശ യസംഘട്ടനങ്ങൾ, പക, വിദ്വേഷം, കോപം, ക്രോധം, വൈരാഗ്യബുദ്ധി തുടങ്ങിയ ഘോര തരങ്ങളായ ജഡിക പ്രശ്നങ്ങൾ വന്നു കൂടു ന്നതും കുടുംബങ്ങൾ തകർച്ചയിലും ഭിന്നി പ്പിലും എത്തിച്ചേരുന്നതും.

ക്രിസ്തീയ കുടുംബത്തിന്റെ മനോഹ രമായ ചരിത്രമാണ് കർത്താവായ യേശുക്രി സ്തുവും സഭയും തമ്മിലുള്ള ബന്ധത്തിൽ കൂടെ ബൈബിൾ വരച്ചുകാണിച്ചിരിക്കുന്നത്. എന്നാൽ തകർച്ചയിലും ഭിന്നിപ്പിലും സംഘട്ട നങ്ങളിലും കൂടി മുന്നോട്ടു പോകുന്ന ഒരു കുടംബം ഈ ചിത്രത്തിന് ഒരു അപവാദം ആണ് എന്നതിൽ തർക്കമില്ല. ആകയാൽ എല്ലാ ക്രിസ്തീയ ദമ്പതികൾക്കും "യേശു ക്രിസ്തുവും സഭയും" എന്ന ബന്ധത്തെ മുൻനിർത്തി പരപൂരകങ്ങളായി ജീവിക്കുന്നു എന്ന സാക്ഷ്യം കെട്ടിപ്പടുക്കുവാനുള്ള ആത്മീയ ഉത്തരവാദിത്തം ഉണ്ട്.

ക്രൈസ്തവ ദമ്പതിമാർ ക്രിസ്തുവാ കുന്ന പാറമേൽ അടിസ്ഥാനപ്പെട്ട ജീവിതം

നയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നതിനാൽ വൈകാരികമായും സാഹചര്യാനുസരണവു മുള്ള ഏത് കാറ്റിനെയും കോളിനെയും തിര മാലയെയും അതിജീവിക്കുവാൻ ശക്തരാകേ ണ്ടതാണ്. ഇതിൽ അവരെ സഹായിക്കേണ്ടതി നായി ദൈവം അവർക്കായി എഴുതിക്കൊടുത്ത സ്നേഹഗ്രന്ഥമാണ് വിശുദ്ധ ബൈബിൾ. ഇതിൽ കുടുംബജീവിത വിജയത്തിനടിസ്ഥാ നമായ അനേകപാഠങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്രൈസ്തവ കുടുംബത്തിന്റെ പരാജയ സാദ്ധ്യ തകൾ, വൈരുദ്ധ്യാത്മകത, വിജയത്തിനുള്ള അടിസ്ഥാന പ്രമാണങ്ങൾ, കുടുംബജീവിത സഹായികൾ, അപകടമേഖലകൾ, പ്രശ്നപരി ഹാരമാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച പാഠ ങ്ങളും വ്യക്തി ജീവിതസംഭവങ്ങളും ബൈബിളിൽ നമുക്ക് ദർശിക്കാവുന്നതാണ്. ബൈബിൾ അനുസരിച്ച് കുടുംബ-ദാമ്പത്യ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നില്ല എങ്കിൽ ക്രിസ്തീയ കുടുംബജീവിതം വിജയി ക്കാൻ പ്രയാസമായിരിക്കും എന്ന് ബൈബിൾ തന്നെ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ഒരു ക്രിസ്തുവിശ്വാസിയുടെ ആത്മശ ത്രുവായ സാത്താൻ ദമ്പതികളുടെ ഉള്ളിൽ ഭിന്നതയുടെയും വിദ്വേഷത്തിന്റെയും അസം തൃപ്തിയുടെയും വിത്തുകൾ വിതയ്ക്കാറുണ്ട്. എന്നാൽ ദമ്പതികൾ ദൈവാത്മാവിനാൽ നിയ ന്ത്രിതരും ആത്മനിറവിൽ ജീവിക്കുന്നവരും ആകുന്നിടത്തോളം ശത്രുവിനാൽ വിതയ്ക്ക പ്പെടുന്ന വിത്തുകൾ കിളിർക്കയോ വളരുകയോ ചെയ്യാൻ പ്രയാസമാണ്. ആത്മനിയന്ത്രണം ദമ്പതികളിൽ കുറയുന്നതിനനുസരിച്ച് ശത്രു വിന്റെ ഉപായങ്ങൾ ആകുന്ന ജഡികവിത്തുകൾ കിളിർക്കുകയും വളർന്ന് വലുതായി ദമ്പതിക ളുടെ ജീവിതത്തെ സമൂലമായി നിയന്ത്രിച്ച് അവരെ ദ്വന്ദ്വയുദ്ധത്തിലേക്ക് നയിക്കുകയും ചെയ്യും. ഇത്തരം ജഡിക സസ്യങ്ങളിലും വൃക്ഷങ്ങളിൽ നിന്നുമാണ് ജഡത്തിന്റെ ഫല ങ്ങളായ പക, പിണക്കം, ക്രോധം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, അശുദ്ധി തുടങ്ങിയ പതി നഞ്ച് (15) ദുഃസ്വഭാവങ്ങളും പെരുമാറ്റങ്ങളും മനോഭാവങ്ങളും എന്ന കൈപ്പുള്ള ഫലങ്ങൾ കായ്ക്കുന്നതും അതതിന്റെ സ്വഭാവവിശേഷ ങ്ങൾ ദമ്പതികളുടെ ജീവിതങ്ങളിൽ പ്രകടമാ ക്കുന്നതും. ഇത്തരം ജഡികസ്വഭാവങ്ങളുടെ പ്രായോഗിക സംഘട്ടനങ്ങളാണ് ദാമ്പത്യജീവി തത്തിൽ യുദ്ധങ്ങളും കലഹങ്ങളും ഏറ്റുമുട്ട ലുകളും സംജാതമാക്കുന്നത്. ഇതെല്ലാം അനാ ത്മികത്വവും സാത്താന്യവുമായ ദുഷ്ടപ്രവണ തകളും ജഡിക മനോഭാവങ്ങളും ആകുന്നു. ഇങ്ങനെ ജഡികയുദ്ധങ്ങളിൽകൂടി കടന്നുപോ കുന്ന കുടുംബങ്ങളിലെ ദമ്പതികളും മക്കളും ജഡിക ജീവിതത്തിന്റെയും അനാത്മികതയു ടെയും തടവറയിൽ വീർപ്പുമുട്ടി കഴിയുകയാണ്. ഈ തടവറയിൽനിന്നും ദമ്പതികളെയും അവ രുടെ മക്കളെയും മോചിപ്പിക്കാൻ ക്രിസ്തീയ കുടുംബത്തിന്റെ ആത്മനാഥനും ആത്മമണവാ ളനുമായ കർത്താവായ യേശുക്രിസ്തുവിന് സാധിക്കും എന്ന സത്യം അവർ എപ്പോഴും ഓർത്തിരിക്കണം.

### മുന്നോട്ടുള്ള പാത

ക്രിസ്തീയ കുടുംബങ്ങളുടെയും കുടുംബാംഗങ്ങളുടെയും യഥാർത്ഥ ആത്മീയ നിലയ്ക്കനുസരിച്ച് ശരിയായ അവലോകന ത്തിൽ കൂടിയും അപഗ്രഥനം വഴിയായും മാത്രമെ അവർക്കു മുന്നോട്ടുള്ള ആരോഗ്യക രവും ആത്മീയവുമായ പാതവെട്ടിതെളിക്കാൻ സാധിക്കുകയുള്ളൂ. ഈ ആത്മിക അവലോക നത്തിന്റെ അടിസ്ഥാനം വിശുദ്ധബൈബിൾ

മാത്രമാണ്. അവലോകനത്തിൽ കൂടി കുടുംബങ്ങളും കുടുംബാംഗങ്ങളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും വെല്ലുവിളികളും എന്തൊക്കെയാണ് എന്നും എന്തു മാത്രമാണ് എന്നും പരിഹാരം എന്താണെന്നും മനസ്സിലാക്കാൻ എല്ലാ കുടുംബാംഗങ്ങൾക്കും സാധിക്കണം. അങ്ങനെ കുടുംബങ്ങൾ പ്രശ്നപരിഹാരത്തിലേക്ക് എത്തുകയും ആത്മീയ പന്ഥാവിൽകൂടി മുന്നോട്ടു പോവുകയും വേണം.

വിശുദ്ധ വേദപുസ്തകത്തിലെ കുടുംബത്തെകുറിച്ചുള്ള സത്യങ്ങൾ വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടത് ഒന്നാമതായി വിവാഹിതരാകേണ്ടവരാണ്. കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ്, വിവാഹിതരാകേണ്ടവർ അതിനായി തയ്യാറാകപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. രണ്ടാമത് ദമ്പതികൾ അവരുടെ പ്രശ്നങ്ങളും വെല്ലുവിളികളും എന്തൊക്കെയാണെന്നും അവ എങ്ങനെ വസ്തുനിഷ്ടമായി അവലോകനം ചെയ്യണം എന്ന് മനസിലാക്കിയിരിക്കുക പ്രയോജനകരമായിരിക്കും. ഇത് പ്രശ്നപരിഹാരത്തിലേക്ക് നയിക്കും. മൂന്നാമത് ദമ്പതികളുടെ മാതാപിതാക്കൾക്കും മറ്റു കുടുംബക്കാർക്കും അവരെ കൂടാതെ സഭാംഗങ്ങൾക്കും സഭാശുശ്രൂഷകന്മാർക്കും കുടുംബജീവിത പ്രശ്നങ്ങൾ മനസ്സിലാക്കുവാനും വിശകലനം ചെയ്യാനും പരിഹാരം നിർദ്ദേശിക്കുവാനും അനുധാവന പ്രവർത്തനങ്ങൾ നടത്തുവാനും ആവശ്യമായ ധാരണ ഉണ്ടാകേണ്ടതും ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണ്.

മേല്പറഞ്ഞ എല്ലാ കൂട്ടരെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള വിശകലനങ്ങൾ ആണ് ഇനിയുമുള്ള അദ്ധ്യായങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ക്രൈസ്തവ വിവാഹത്തിൽ ഉൾക്കൊള്ളിച്ചുള്ള ആത്മീയവ്യവസ്ഥകൾ ക്രൈസ്തവ സമൂഹം ആകമാനം ഗൗരവത്തോടെ വീക്ഷിക്കുകയും അതനുസരിച്ചുള്ള ആത്മീയ തയ്യാറെടുപ്പുകൾ എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കുടുംബജീവിതത്തിന്റെ സന്തോഷത്തിനും സംതൃപ്തിക്കുമായി ദമ്പതികൾ നന്നായി തയ്യാറാകുകയും വളരെ അദ്ധ്വാനിക്കുകയും ധാരാളം പ്രാർത്ഥിക്കുകയും ആത്മനിറവുള്ള ജീവിതം കാംക്ഷിക്കയും വേണം എന്നത് നിസ്തർക്കമായ കാര്യമാണ്. എല്ലാ ആത്മീയ പ്രവർത്തനങ്ങളുടെയും ശുശ്രൂഷകളുടെയും കേന്ദ്രബിന്ദു കുടുംബം ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതനുസരിച്ചുള്ള ഉപദേശങ്ങളും കല്പനകളുമാണ് വിശുദ്ധ ബൈബിളിൽ നാം കാണുന്നത്. അവിടെ കുഞ്ഞുങ്ങൾക്കും എല്ലാ പ്രായക്കാരായ മക്കൾക്കും യുവതീയുവാക്കൾക്കും ഭാര്യഭർത്താക്കന്മാർക്കും മാതാപിതാക്കൾക്കും വാർദ്ധക്യത്തിലെത്തിയവർക്കുമുള്ള വിവിധ നിർദ്ദേശങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഈ നിർദ്ദേശങ്ങൾ എല്ലാ ദൈവമക്കൾക്കും ബാധകമായ സുപ്രധാന പ്രമാണങ്ങളാണ്. ഈ പ്രമാണങ്ങൾ പാലിക്കുന്ന ദൈവമക്കൾക്കുമാത്രമേ അവരുടെ കുടുംബജീവിതവും ക്രിസ്തീയ ജീവിതവും വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാദ്ധ്യതയുള്ളൂ. ഈ സത്യം മനസ്സിലാക്കി ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നത് ഗൗരവതരമായ ഒരു ഉത്തരവാദിത്തമാണ്.

ഈ സത്യങ്ങൾ മനസ്സിലാക്കാൻ തുടന്നുള്ള അദ്ധ്യായങ്ങളിൽ കൂടി നമുക്ക് ശ്രമിക്കാം. ❑

# തിരുവചന മാഹാത്മ്യം

## -മഹാന്മാരുടെ സാക്ഷ്യം-

മേരി അഞ്ചൻ, തുംകൂർ



1. **ജോർജ് വാഷിംഗ്ടൺ** 1789 – 1797 വരെ അമേരിക്കയുടെ പ്രഥമ പ്രസിഡന്റായിരുന്ന അദ്ദേഹം വിശുദ്ധവേദപുസ്തകത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് "സ്വർഗ്ഗസ്ഥനായ ദൈവം തിരുവചനത്തിൽകൂടെ നമുക്കു നല്കിയിരിക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിന്മേൽ ജീവിതരീതികളെ ക്രമപ്പെടുത്തുന്ന ഒരു ജനതതിയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ അഭിവൃദ്ധിയും, നിലനില്പ്പും നിലകൊള്ളുന്നത്. ദൈവവും, വിശുദ്ധ വേദപുസ്തകവുമില്ലാതെ ഒരു രാജ്യത്തെ ശരിയായി ഭരിക്കുവാൻ സാദ്ധ്യമല്ല".
2. **ആൻഡ്രു ജാക്സൺ** (1829–1837 വരെ അമേരിക്കയുടെ ഏഴാമത്തെ പ്രസിഡന്റായിരുന്ന അദ്ദേഹത്തിന്റെ പൂർവ്വികന്മാർ അയർലണ്ടിൽ നിന്നും അമേരിക്കയിൽ കുടിയേറിപ്പാർത്ത കൃഷിവലന്മാർ ആയിരുന്നു. "ആ പുസ്തകം (that book) അതാണ് നമ്മുടെ ഐക്യനാടുകൾ എന്ന രാജ്യം ഉറച്ചു നില്ക്കുന്ന ശില".
3. **എബ്രഹാം ലിങ്കൺ** (1861–1865) അമേരിക്കയുടെ 16–ാമത്തെ പ്രസിഡന്റായിരുന്നു എബ്രഹാം ലിങ്കന്റെ പിതാമഹൻ ശമുവേൽ ലിങ്കൺ 1637–ൽ ഇംഗ്ലണ്ടിൽ നിന്നും അമേരിക്കയിലെത്തി. പണസംബന്ധമായി വളരെ ഞെരുക്കമുണ്ടായിരുന്ന ഭവനത്തിൽ വളർന്ന ഏബ്രഹാമിന് സാധാരണ വിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചെറുപ്പം മുതലേ വായനയിൽ അതീവ തത്പരനായിരുന്നു. മാതാപിതാക്കൾക്ക് ആകെപ്പാടെ ഉണ്ടായിരുന്നത് ഒരു വേദപുസ്തകം മാത്രമായിരുന്നു. തിരുവചനം വായിച്ചു പഠിക്കുകയും, അനേകവാക്യങ്ങൾ മനഃപാഠമാക്കുകയും ചെയ്തിരുന്നു. കൂടാതെ പരദേശി മോക്ഷയാത്ര, റോബിൻസൺ ക്രൂസോ മുതലായ പുസ്തകങ്ങൾ മറ്റുള്ളവരോടു കടം വാങ്ങി വായിക്കുകയും ചെയ്തു. അക്കാലത്ത് പുസ്തകങ്ങളും കടലാസുപോലും ദുർല്ലഭമായിരുന്നു.
   പ്രസിഡന്റ് എബ്രഹാം ലിങ്കൺ തന്റെ ആഫീസിലെ മേശപ്പുറത്ത് ഒരു വേദപുസ്തകം വച്ചിരുന്നതു കൂടാതെ പലപ്പോഴും തന്റെ പ്രഭാഷണങ്ങളിൽ വേദവാക്യങ്ങൾ ഉദ്ധരിക്കുക പതിവായിരുന്നു. ഭരണകാലത്ത് പ്രതിസന്ധികൾ നേരിട്ടപ്പോഴെല്ലാം മാർഗ്ഗദർശനത്തിനും നിർദ്ദേശങ്ങൾക്കുമായി വേദപുസ്തകത്തെ ആശ്രയിക്കുക പതിവായിരുന്നു. തിരുവചനത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "മനുഷ്യന് ദൈവം നല്കിയിട്ടുള്ള അനുഗ്രഹങ്ങളിൽവച്ച് ഏറ്റവും ധന്യമായത് വേദപുസ്തകമാണ്. ലോകരക്ഷകനായ ദൈവത്തിൽ നിന്ന് മനുഷ്യരാശിക്ക് നല്കപ്പെട്ട സുവാർത്തകൾ അതിൽ മാത്രമേ കാണുവാൻ സാധിക്കൂ.
4. **ജോൺ റസ്കിൻ** (John Ruskin 1819-1900) അദ്ദേഹം ലണ്ടനിൽ ഭൂജാതനായി, ഓക്സ്ഫോർഡിൽ വിദ്യാഭ്യാസം ചെയ്തു. അദ്ദേഹം പണ്ഡിതനും, എഴുത്തുകാരനും ഒരു നിരൂപകനുമായിരുന്നു. അദ്ദേഹം വേദപുസ്തകത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "എന്റെ ജീവിതത്തിലും, എഴുത്തുകളിലും ആധാരമായിരിക്കുന്നത് വേദപുസ്തക സത്യങ്ങളാണ്. എന്റെ ചെറുപ്പത്തിൽതന്നെ മാതാവ് ദിവസംതോറും എന്നെ വേദപുസ്തകം വായിച്ചു കേൾപ്പിക്കുകയും വാക്യങ്ങൾ മനഃപാഠമാക്കുവാൻ എന്നെ ഉത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ പരിണതഫലമാണ് തിരുവചനത്തോട് എനിക്കുള്ള പ്രത്യേക താത്പര്യ

ത്തിന്റെ കാരണം."

5. **ഡാനിയേൽ വെബ്സ്റ്റർ** (Daniel Webster) (1782–1852)

വെബ്സ്റ്റർ സുപ്രസിദ്ധ അഭിഭാഷകനും, വാഗ്മിയും, അമേരിക്കൻ സെനറ്റിലെ അംഗവുമായിരുന്നു. അദ്ദേഹം വേദപുസ്തകത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു; "എന്റെ ജീവിതത്തിൽ എന്തെങ്കിലും പ്രശംസിക്കാനുണ്ടെങ്കിൽ ചെറുപ്പകാലം മുതല്ക്കേ വേദപുസ്തകസത്യങ്ങളെ എന്റെ ഹൃദയത്തിൽ നിക്ഷിപ്തമാക്കുവാൻ കാരണക്കാരായ എന്റെ മാതാപിതാക്കളെയാണ്. ബൈബിൾ അനുസരിച്ച് നാം ജീവിച്ചാൽ നമ്മുടെ രാജ്യം സമൃദ്ധിയുടെയും സംതൃപ്തിയുടെയും വിളനിലമായിരിക്കും. എന്നാൽ അതിനെ ത്യജിച്ചുള്ള ജീവിതരീതി നമ്മുടെ രാജ്യത്തിന്റെ സമ്പൂർണ്ണനാശത്തിന് കാരണമായിത്തീരും. ഇന്നു നാം അനുഭവിക്കുന്ന സമ്പദ്സമൃദ്ധി എന്നെന്നേക്കും വിസ്മൃതിയിലായിത്തീരും."

6. **നെപ്പോളിയൻ** (Napoleon) "ബൈബിൾ വെറും ഒരു പുസ്തകമല്ല, അതിനെ എതിർക്കുന്ന ഏവരേയും നിശബ്ദരാക്കുവാൻ പര്യാപ്തമായ ഒരു ജീവനാണ്. (Bible is no more a book but a Living creature with a power that conqured all that oppose it)

7. **വിക്ടോറിയാ മഹാരാജ്ഞി** - "സൂര്യൻ അസ്തമിക്കാത്ത" ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നിലനില്പ്പിന്റെ ഏകകാരണം വിശുദ്ധവേദപുസ്തകമാണ്.

8. **റോബർട്ട് ലീ** (Robert Lee 1807-1870)

അമേരിക്കൻ ആഭ്യന്തര യുദ്ധത്തിൽ (Civil War) സുപ്രധാന സേനാനി ആയിരുന്നു. അമേരിക്കയുടെ ചരിത്രത്തിൽ ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച വീരസേനാധിപൻ ലീ വേർജീനിയായിലെ ഒരു ധനാഢ്യന്റെ പുത്രനായിരുന്നു. 1829–ൽ അമേരിക്കൻ മിലിട്ടറി അക്കാഡമിയിൽ (United States Military Academy) നിന്നും പ്രശസ്തവിജയം കൈവരിച്ചു. അദ്ദേഹം വേദപുസ്തകത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "എന്റെ സകലവിപത്തുകളിലും, അമ്പരപ്പിക്കുന്ന പ്രതിസന്ധികളിലും എനിക്ക് പ്രകാശവും, പ്രചോദനവും, സ്ഥിരചിത്തതയും നല്കിയിരിക്കുന്നത് വിശുദ്ധവേദപുസ്തകമാണ്"

9. **പാട്രിക് ഹെൻട്രി (Patric Henry-1736-1799)**

അദ്ദേഹം അമേരിക്കയിലെ ആഭ്യന്തര യുദ്ധകാലത്ത് ജീവിച്ചിരുന്ന ബഹുമാന്യനായ രാജ്യതന്ത്രജ്ഞനും, വാഗ്മിയും ആയിരുന്നു. അദ്ദേഹം വേർജീനിയാ സംസ്ഥാനത്തിന്റെ ഗവർണർ പദവിയും അലങ്കരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരസേനാനി ആയിരുന്ന കാലത്തെ അദ്ദേഹത്തിന്റെ അനശ്വര മുദ്രാവാക്യം "ഒന്നുകിൽ സ്വാതന്ത്ര്യം. അല്ലെങ്കിൽ മരണം" (Give me liberty or give me death) എന്നായിരുന്നു. വിശുദ്ധ വേദപുസ്തകത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞിരിക്കുന്നത്" ലോകത്തിൽ അച്ചടിക്കപ്പെട്ടിട്ടുള്ള സകലപുസ്തകങ്ങളിലും വച്ച് ഏറ്റവും അമൂല്യമായത്.

10. **വില്യം ഗ്ലാഡ്സ്റ്റൺ** (William Gladstone 1809-1898)

ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ (Church of England) സഭാംഗമായിരുന്ന അദ്ദേഹം 6 വർഷക്കാലം ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി ആയിരുന്നു. "എന്റെ സമകാലീനരും സുപ്രസിദ്ധരുമായ 95 പേരെ എനിക്കു വ്യക്തിപരമായ പരിചയമുണ്ട്. അവരിൽ 37 പേരും ബൈബിൾ ക്രമമായി വായിക്കുന്നവരും അതിൽ വിശ്വസിക്കുന്നവരുമായിരുന്നു" എന്ന് പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹവും ബൈബിൾ പഠിതാവായിരുന്നു.

''ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു" (എബ്രായർ 4:12). എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ് എന്ന് 2 തിമൊ. 3:16–ൽ വായിക്കുന്നു.

പ്രിയമുള്ളവരേ, നിങ്ങളുടെ ഹൃദയത്തിലും ഭവനത്തിലും വിശുദ്ധവേദപുസ്തകത്തിനുള്ള സ്ഥാനം എന്താണ്??? ❑

# Despised of men, chosen by God

**Dr. Helen Abraham, Chennai**



**A**s believers and children of God, many of us may have experienced being despised, treated with contempt, looked upon with disdain by those around us. This is seen right from schools, workplaces and even in family circles. We often tend to retain in our memory the hurtful words of despise and disdain and sometimes carry it with us to the grave. Such is the pain associated with being despised. But do we actually need to be weighed down and allow these thoughts to bruise and batter us all the way? Or rather trust and hope in God to fulfill his purpose through us?

Let us turn our focus to a character in the Bible, who too was despised by none other than her own husband and sister. Leah is less noticed and discussed in comparison to her sister, Rachel, and their husband, Jacob. In Genesis 29:16,17 we read about Leah as the elder daughter of Laban and elder sister of Rachel. Leah was tender eyed; but Rachel was beautiful and well favored. Jacob loved Rachel so much that he served Laban for 7 years for her hand.

**1. Look not on the outward appearance, but at the heart**

It is very evident from the word of God that Rachel was everyone's favorite. But whether it was for the right reasons, we need to ponder. The words used for comparison between Leah and Rachel were based on their outward appearance. Tender- eyed may have been to describe either the appearance of the eyes, small, ordinary with no striking feature or weak eyesight. In other words, Leah was ordinary in appearance, a 'plain Jane' whereas Rachel was attractive and won Jacob's heart. It is quite astonishing how people with a beautiful outward appearance can win favor among men. Isn't this what happened to the prophet Samuel when he was sent to Jesse's house to find out God's anointed among his sons? He took one look at Eliab and said, "Surely the Lord's anointed is before him". But the Lord corrects Samuel and tells him not to look at his countenance or height. The Lord sees not as man sees, a man looks on the outward appearance, but the Lord looks at the heart (I Samuel 16:7).

**2. The Lord sees and helps us in our distress**

There is not much description of Leah's character, but we can understand more about her from her reactions to things that happened in her life. Jacob was furious that Laban had deceived him by giving him Leah instead of Rachel whom he had asked for. Leah may have succumbed to her Father's decision out of obedience, or to forego the humiliation of her younger sister getting married before herself, or in the hope that Jacob would warm up to her eventually. Contrary to her expectations, Jacob persevered and married Rachel and loved her more than Leah.

In Genesis 29:31, we read, 'And when

the Lord saw that Leah was hated, he opened her womb: but Rachel was barren.' We feel loneliness and despair when we go through troubles. But the Lord sees what we are going through. He not only sees, but controls the situation through his own plans. *When* the Lord *saw,* he *opened* her womb. God is a *very present* help in trouble (Psalm 46:1)

**3. Hold on to hope in God**

Leah was unloved and despised. But that did not stop her from hoping and praising God. She names her 1st son Reuben saying, "surely the Lord has looked upon my affliction, now therefore my husband will love me". From her words, we can see that she knew that the Lord saw her affliction. Many a time, we do not realize the reality of God's presence in our life. If we do, then we have reason only for hope and not for despair. Leah's hope was a strong one that did not wear out over time. This is evident from the way she named her 2nd son Simeon, 'Because the Lord heard that I was hated, he has given me this son also' and her 3rd son, Levi, 'Now this time will my husband be joined unto me, because I have born him three sons'. When her 4th son Judah was born, she said 'Now will I praise the Lord'. The names of Rueben, Simeon and Levi reveals to us that Jacob still didn't love Leah even after she had borne him three sons. How heartbroken Leah must have been after so many years of waiting to be loved by Jacob! Yet, she does not cease to praise God.

**4. Believe in God's purpose for you**

Although Leah's main concern was for her husband to love her, God had a greater purpose through Leah. We get carried away by our cares that we fail to realize that God uses us to fulfill his eternal plans. Leah was disturbed by that fact that Jacob loved Rachel more than her and was in constant competition with Rachel in bearing children and spending time with Jacob. Her hopes and prayers were through the desire that things should change. We do not know whether Jacob's feelings towards her changed. But we do know that God used Leah for His greater purpose. God fulfilled his promise to Abraham to bless him and make him a great nation. Leah was a part of this great promise. She gave birth to 6 sons who became part of the 12 tribes of Israel, through which the whole nation of Israel was blessed.

**5. A blessed ending**

In the Bible, we see place of burial being given high importance. The patriarchs Abraham and Sarah, Isaac and Rebekah gave clear instructions that they wanted to be buried in the cave of Macpelah, in the land of Canaan. Rachel died when she delivered Benjamin and was buried on the way to Ephrath. During Jacob's last days, he instructs his children that they should bury him in the same place as his ancestors lay, and where he buried Leah. So, we understand that Leah was also buried along with her ancestors with Jacob beside her. Although he chose Rachel to marry and worked long years for her hand, after a long life lived with both of them, he chose to be buried alongside Leah.

We may be despised by people around us, but we have a God who knows who we really are, how our hearts are. He sees us in our afflictions and makes plans for us. He is the one in whom we should hope. Our circumstances should not hinder our praises to God. Our prayers and wishes may be different from His eternal plan. But, one thing is sure, He has a greater purpose for us and gives us hope for a blessed ending. ❑

# QUEST 77

(ഈ ലക്കം QUEST –77 ലെ ചോദ്യങ്ങൾ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നിന്നാണ്)

1. "ഈ ദീനം മരണത്തിനായിട്ടല്ല, ദൈവത്തിന്റെ മഹത്ത്വത്തിന്നായിട്ടത്രെ" ആര് ആരോട് പറഞ്ഞു?
2. ചെന്നായ് വരുന്നതുകണ്ട് ആടുകളെ വിട്ട് ഓടിക്കളയുന്നവൻ ആര്?
3. യേശുവിനെകണ്ടപ്പോൾ അങ്കി അരയിൽ ചുറ്റി കടലിൽ ചാടിയ ശിഷ്യൻ ആര്?
4. ഫിലിപ്പോസിന്റെ ജന്മദേശം ഏത്?
5. യേശുവിന്റെ ക്രൂശിലെ മേലെഴുത്ത് എന്തായിരുന്നു?
6. ശീലോഹാം എന്നതിന്റെ അർത്ഥം?
7. യഹൂദന്മാർ പെസഹയിൽ ആരെ വിട്ടുതരണമെന്നാണ് ആവശ്യപ്പെട്ടത്?
8. "സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും" ആരു പറഞ്ഞു?
9. "കർത്താവേ എന്റെ കാൽ മാത്രമല്ല കൈയും തലയും കൂടി കഴുകേണമേ" എന്ന് യേശുവിനോട് പറഞ്ഞതാര്?
10. "സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ യാതൊരു കപടവുമില്ല". യേശു ആരെക്കുറിച്ചാണ് ഇത് പറഞ്ഞത്?
11. "തന്നെ അയച്ചവന്റെ മഹത്ത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു". ഇത് യേശുകർത്താവ് ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?
12. യേശുവിന്റെ കല്പനകളെ കാത്തുകൊള്ളുന്നത് ആര്?
13. നിത്യജീവന്റെ വചനങ്ങൾ യേശുവിന്റെ പക്കൽ ഉണ്ടെന്നു പറഞ്ഞ ശിഷ്യൻ ആര്?
14. യേശുവിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞത് ആര്?
15. ലോകസ്ഥാപനത്തിന് മുമ്പ് പിതാവ് സ്നേഹിച്ചിരുന്നത് ആരെ?
16. യെഹൂദന്മാർ കിടക്ക എടുക്കുന്നത് വിഹിതമല്ല എന്ന് പറയുവാൻ കാരണമെന്ത്?
17. രാജഭൃത്യന്റെ മകനെ സൗഖ്യമാക്കിയ സ്ഥലം ഏത്?
18. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുന്നത് ആര്?
19. മനുഷ്യൻ വൃദ്ധനായതിനുശേഷം ജനിക്കുന്നത് എങ്ങനെ എന്ന് ആര് ആരോടു ചോദിച്ചു?
20. തോമസിന്റെ മറ്റൊരു പേര് എന്ത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 77-ന്റെ** ഉത്തരങ്ങൾ റഫറൻസു സഹിതം **2021 ജൂലൈ 20 നു** മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST– 76 - ന്റെ ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | നീതിമാൻ | ലൂക്കൊ. 23:47 |
| 2. | അപ്പൊസ്തലന്മാർ | ലൂക്കൊ. 6:13 |
| 3. | ഏഴുനാഴിക | ലൂക്കൊ. 24:13 |
| 4. | മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് | ലൂക്കൊ. 15:7 |
| 5. | സദൂക്യർ | ലൂക്കൊ. 20:27 |
| 6. | അപ്പൊസ്തലന്മാർ | ലൂക്കൊ. 17:5 |
| 7. | ഒരുങ്ങിയിരിപ്പിൻ | ലൂക്കൊ. 12:40 |
| 8. | യോന | ലൂക്കൊ. 11:32 |
| 9. | യേശു സക്കായിയോട് | ലൂക്കൊ. 19:5 |
| 10. | പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ | ലൂക്കൊ. 22:1 |
| 11. | അഹരോന്റെ | ലൂക്കൊ. 1:5 |
| 12. | ന്യായശാസ്ത്രി | ലൂക്കൊ. 10:25 |
| 13. | യേശു | ലൂക്കൊ. 9:62 |
| 14. | ഒരു വെൺകൽ ഭരണി പരിമളതൈലം | ലൂക്കൊ. 7:37 |
| 15. | ഔഗുസ്തൊസ് | ലൂക്കൊ. 2:1 |
| 16. | സീദോനിലെ സരെപ്തയിലെ വിധവ | ലൂക്കൊ. 4:26 |
| 17. | പൊന്തിയോസ് പീലാത്തോസ് | ലൂക്കൊ. 3:1 |
| 18. | പത്രൊസ്, യേശുക്രിസ്തുവിനോട് | ലൂക്കൊ. 5:8 |
| 19. | ഏകദേശം പന്ത്രണ്ട് | ലൂക്കൊ. 8:42 |
| 20. | പതിനെട്ട് | ലൂക്കൊ. 13:4 |

# ‘വിശ്വാസത്തിന്റെ ബലിപീഠത്തിൽ’




സഹോദരി മേരി അഞ്ചൻ രചിച്ച ഈ ഗ്രന്ഥം വിശ്വാസ സമൂഹം, സഭയുടെ ആദ്യകാലം മുതൽ നേരിട്ട പീഡനങ്ങളുടെ ഒരു വിവരണമാണ്. 51 ചെറിയ അദ്ധ്യായങ്ങളിലായി സഭാ ചരിത്രത്തിൽ വിശ്വാസികൾ നേരിടേണ്ടി വന്ന പീഡനങ്ങളും അവർ അതിനെ നേരിട്ട വിധവും പ്രതിപാദിക്കുന്നു.

1974 ലും 1978 ലും അതിനു ശേഷം ഈ വർഷവും പുനഃപ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിലെ വിവരണങ്ങൾ ഇക്കാലത്തു ജീവിക്കുന്ന വിശ്വാസസമൂഹത്തിന് ഒരു വെല്ലുവിളിയും അതോടൊപ്പം യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ധൈര്യവും പകരുന്നു.

**ഈ പുസ്തകം ആവശ്യമുള്ളവർ താഴെക്കാണുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക.**
**പുസ്തകത്തിന്റെ വില ഒരു കോപ്പി Rs. 150/-**

The Director
Good News Ministries
Akkulam Road,
Trivandrum - 695 011
Tel: 9087144349

The Manager
Evangelical Literature Service
Kesavadasapuram
Trivandrum


Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891